# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാമ്പാടി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.-കെ.ടി.എം.പി15-1142/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 25/08/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാമ്പാടി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ)
2) ജോയിന്റ് ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ്-കോട്ടയം
3) കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.-കെ.ടി.എം.പി15-1142/2023 തീയ്യതി: 25/08/2023

## കോട്ടയം ജില്ലയിലെ പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-06-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ സാബു സി. ജോർജ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 21-06-2023 | 27-06-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-06-2023 | 27-06-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലേഖ വി., ഓഡിറ്റ് ഓഫീസർ
ശ്രീമതി അമ്പിളി എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
കുമാരി സജിമോൾ വി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ശിവരാജ് പി., സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| മറിയാമ്മ എബ്രഹാം | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| എം. എസ്. വിജയൻ | സെക്രട്ടറി | 01-04-2022 | 31-05-2022 |
| ഡോസി സഖറിയാസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2022 | 03-07-2022 |
| ജോർജ് തോമസ് | സെക്രട്ടറി | 04-07-2022 | 31-01-2023 |
| ഡോസി സഖറിയാസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-02-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| കവിത പി. ആർ. | ചൈൽഡ് ഡവലപ്മെന്റ് പ്രോജക്റ്റ് ഓഫീസർ | 01-04-2022 | 31-03-2023 |
| അനിത എസ്. | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. മനോജ് കെ. എ. | സൂപ്രണ്ട്, താലൂക്ക് ആശുപത്രി-പാമ്പാടി | 01-04-2022 | 31-03-2023 |
| ലെൻസി തോമസ് | അസിസ്റ്റന്റ് ഡയറക്ടർ(കൃഷി) | 01-04-2022 | 31-03-2023 |
| കണ്ണൻ എസ്. | ക്ഷീരവികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ജിനു വി. | അസിസ്റ്റന്റ് എഞ്ചിനീയർ-LSGD | 01-04-2022 | 31-03-2023 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല | 1-1-1 |
| 3 | ആസ്തികളിന്മേൽ വാർഷികമായി നൽകിയിട്ടുള്ള സഞ്ചിത മൂല്യശോഷണം ആസ്തിമൂല്യത്തിൽ അധികമായി | 1-1-2 |
| 4 | ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ കണക്കുകളിൽ അവ്യക്തത | 1-1-3 |
| 5 | ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-4 |
| 6 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ എ.സി.ആർ. സൂക്ഷിച്ചിട്ടില്ല | 1-1-5 |
| 7 | വാടക കണക്കുകളിൽ അവ്യക്തത | 1-1-6 |
| 8 | വാടക നിക്ഷേപം കണക്കുകളിൽ അവ്യക്തത | 1-1-7 |
| 9 | Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-8 |
| 10 | Capital Work In Progress രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-9 |
| 11 | മുൻകൂർ വിവരം അക്കൗണ്ട് ചെയ്തതിൽ അപാകത | 1-1-10 |
| 12 | ഗ്രാന്റ് തുകയുടെ വരവ്-ചെലവ് അക്കൗണ്ട് ചെയ്തില്ല | 1-1-11 |
| 13 | മരുന്നു വാങ്ങൽ ചെലവുകൾ മെയിന്റനൻസായി അക്കൗണ്ട് ചെയ്തു | 1-1-12 |
| 14 | വാർഷിക പദ്ധതിയിൽ സൃഷ്ടിക്കുന്ന ആസ്തികൾ ആസ്തി ശീർഷകത്തിൽ ഉൾപ്പെട്ടിട്ടില്ല | 1-1-13 |
| 15 | ബാങ്ക് അക്കൗണ്ട് ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയില്ല | 1-1-14 |
| 16 | Prior Period ഇനങ്ങളുടെ വിശദാംശം ലഭ്യമല്ല | 1-1-15 |
| 17 | ബജറ്റ്-വിശകലനം | 1-2 |
| 18 | സാമ്പത്തിക വിശകലനം | 1-3 |
| 19 | ഗ്രാന്റ് വിനിയോഗം-വിശകലനം | 1-4 |
| 20 | പദ്ധതി അവലോകനം | 1-5 |
| 21 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പുപദ്ധതി | 1-6 |
| 22 | തൊഴിലുറപ്പ് വിഭാഗത്തിന് മുൻകൂർ-തുക ക്രമീകരിക്കുന്നില്ല | 1-7 |
| 23 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 24 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-9 |
| 25 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 26 | മുൻകൂർ/അഡ്വാൻസ് രജിസ്റ്റർ സൂക്ഷിപ്പിൽ അപാകത-കണക്കുകളിൽ അവ്യക്തത | 1-11 |
| 27 | ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല-കാലഹരണപ്പെട്ട നിക്ഷേപങ്ങൾ | 1-12 |

| | | |
|---|---|---|
| | മുതൽക്കൂട്ടിയിട്ടില്ല | |
| 28 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ-- വരവ്/വിനിമയ വിവരങ്ങൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലൂടെ നിരീക്ഷിക്കുന്നില്ല | 1-13 |
| 29 | വാടക – പൊതു അപാകതകൾ | 1-14 |
| 30 | കുടിശ്ശിക ഈടാക്കാതെ കുത്തകക്കരാർ അവസാനിപ്പിച്ചു - 1.22 ലക്ഷം രൂപ നിലവിലും കുടിശിക | 1-15 |
| 31 | കുടിശിക വാടക അടവാക്കാതെ തൻവർഷ വാടക ഒടുക്കുന്നു | 1-16 |
| 32 | ഇ-ടെണ്ടർ ഫീസ് ലഭ്യമാകുവാൻ നടപടി സ്വീകരിക്കേണ്ടതാണ് | 1-17 |
| 33 | കരാർ ജീവനക്കാരുടെ ആർജ്ജിതാവധി സറണ്ടർ-അവധി അക്കൗണ്ട് സൂക്ഷിക്കുന്നില്ല | 1-18 |
| 34 | ആധികാരികമായ ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കാതെയും ഒറിജിനൽ രസീത് ഹാജരാക്കാതെയും ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലുള്ള ഡെപ്പോസിറ്റ് റീഫണ്ട് ചെയ്യുന്നു | 1-19 |
| 35 | സംയുക്ത കൃഷി വികസന പദ്ധതി- അപാകതകൾ | 1-20 |
| 36 | നിക്ഷേപപ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 1-21 |
| 37 | ബ്ലോക്ക് വിഹിതം കൈമാറൽ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല | 1-22 |
| 38 | പാമ്പാടി ബ്ലോക്ക് RRFലേയ്ക്ക് ഡസ്റ്റ് റിമൂവർ വാങ്ങിയത് നാളിതുവരെ പ്രവർത്തനക്ഷമമാക്കിയിട്ടില്ല | 1-23 |
| 39 | അങ്കണവാടി കെട്ടിടനിർമ്മാണത്തിനായി വിഹിതം കൈമാറിയിട്ടും നാളിതുവരെ നിർമ്മാണം ആരംഭിച്ചിട്ടില്ല | 1-24 |
| 40 | പി.എം.എ.വൈ ഭവനപദ്ധതി -അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താവ് -ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല | 1-25 |
| 41 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് - വിവരങ്ങൾ കാലികമാക്കേണ്ടതാണ് | 1-26 |
| 42 | ബാരൽ വില കണക്കാക്കി ബില്ലിൽ കുറവ് ചെയ്തിട്ടില്ല | 1-27 |
| 43 | തൊഴിൽപരിശീലനകേന്ദ്രങ്ങൾ /വനിതാ വ്യവസായ കേന്ദ്രം നിർമ്മാണം-തുടർനടപടികൾ അനിവാര്യം | 1-28 |
| 44 | വിവിധ കുടിവെള്ള /ജലസേചന പദ്ധതികൾ - കമ്മീഷൻ ചെയ്തതിന്റെ വിവരം ലഭ്യമല്ല | 1-29 |
| 45 | പാൽ ശീതീകരണി കം വെൻഡിംഗ് മെഷീൻ-മാതൃകാപരമായി പ്രവർത്തിക്കുന്നു | 1-30 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |

| ഭാഗം 4 | | |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 12/06/2023 തീയതിയിലെ 4(1) തീരുമാനം പ്രകാരം അംഗീകരിച്ച് 14/06/2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക പ്രസ്താവനകളും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(4) പ്രകാരവും ത്രിതല പഞ്ചായത്തുകൾക്ക് ബാധകമായ 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3, കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ച് ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. 31/03/2023 ബാലൻസ് ഷീറ്റ്

പ്രകാരമുള്ള മാർക്കറ്റ്, ബസ് സ്റ്റാന്റ്, റോഡുകൾ തുടങ്ങിയ ആസ്തികൾ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തികളാണോ എന്നതിൽ വ്യക്തതയില്ല.

1-1-2 ആസ്തികളിന്മേൽ വാർഷികമായി നൽകിയിട്ടുള്ള സഞ്ചിത മൂല്യശോഷണം ആസ്തിമൂല്യത്തിൽ അധികമായി

ആസ്തികളുടെ സഞ്ചിത മൂല്യശോഷണം (Depreciation) ആസ്തിയിൽ അധികമായതായി കാണുന്നു. ഉദാഹരണമായി 31/03/2023 ലെ വാഹനങ്ങളുടെ ആസ്തിമൂല്യം 16.84 ലക്ഷവും സഞ്ചിത മൂല്യശോഷണം 21.4 ലക്ഷവുമാണ്. അക്കൗണ്ടിങ്ങ് നടപടികളിൽ നിലനിൽക്കുന്ന ഇത്തരം അടിസ്ഥാനപരമായ അപാകതകൾ പരിഹരിക്കേണ്ടതാണ്.

1-1-3 ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ കണക്കുകളിൽ അവ്യക്തത

31/03/2023 തീയതിയിലെ ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല. 2022-23 വർഷം ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനായി അക്കൗണ്ട് ചെയ്ത 42.86 ലക്ഷം രൂപ തൻവർഷം സൃഷ്ടിച്ച ഏതെല്ലാം ആസ്തികൾക്ക് തുല്യമായതാണ് എന്നതിന്റെ വിശദാംശം മാത്രം ഹാജരാക്കി. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ മുന്നിരിപ്പ് ഉൾപ്പെടെ തയ്യാറാക്കി രജിസ്റ്റർ സൂക്ഷിക്കേണ്ടതും ജനറൽ ഫണ്ട് കണക്കാക്കിയ ഡാറ്റാ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

1-1-4 ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ച വിവിധ നിക്ഷേപങ്ങളുടെ മുന്നിരിപ്പ്, തൻവർഷ ഇടപാടുകൾ, നീക്കിയിരിപ്പ് എന്നിവ വ്യക്തമാക്കുന്ന ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഡെപ്പോസിറ്റ് റീ ഫണ്ട് നടപടികളുടെ നിജസ്ഥിതി ഉറപ്പാക്കാൻ കഴിയുന്നില്ല.

1-1-5 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ എ.സി.ആർ. സൂക്ഷിച്ചിട്ടില്ല

ശുചിത്വ മിഷൻ, കേരളോത്സവം, ഐ.എ.വൈ. ഫണ്ട് തുടങ്ങിയ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം വ്യക്തമാക്കുന്ന എ.സി.ആർ. സൂക്ഷിക്കുന്നില്ല. 320200301 ശീർഷകത്തിൽ 31/03/2023-ൽ അവശേഷിക്കുന്ന 130,641/- രൂപ ഏതിനത്തിലുള്ള ഫണ്ടുകളാണ് എന്നതിന് 116,216/- രൂപ നിർമ്മൽ പുരസ്കാരവും ബാക്കി വിവിധ പരിശീലനങ്ങൾക്ക് ലഭിച്ചതുമാണ് എന്ന് അറിയിച്ചു. നിർമ്മൽ പുരസ്കാര തുക കൃത്യമായ ശീർഷകത്തിലേക്ക് അക്കൗണ്ട് ചെയ്യേണ്ടതും ടി ഫണ്ടുകളുടെ എ.സി.ആർ. സൂക്ഷിക്കേണ്ടതുമാണ്.

1-1-6 വാടക കണക്കുകളിൽ അവ്യക്തത

വാടക ഡി.സി.ബി.(2022-23,കുടിശിക) പത്രിക പ്രകാരമുള്ള കളക്ഷൻ, എന്നിവ ധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. വാടക ഡിമാന്റ് രജിസ്റ്ററിലെ ഓരോ കെട്ടിടങ്ങളുടെയും വാടക കണക്കുകൾ തയ്യാറാക്കി ക്ലോസ് ചെയ്തിട്ടില്ല.

1-1-7 വാടക നിക്ഷേപം കണക്കുകളിൽ അവ്യക്തത

വാടക നിക്ഷേപം 31/03/2023 ലെ നീക്കിയിരിപ്പ് 161,832/- രൂപയാണ്. എന്നാൽ വാടക ഡിമാന്റ് രജിസ്റ്ററിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ രേഖകൾ പ്രകാരം 143,000/- രൂപയാണ്. വ്യത്യാസമുള്ള തുക ഏതെല്ലാം കുത്തകക്കാരുടേതാണ് എന്നത് ലഭ്യമല്ല.
XIII/60D കെട്ടിടത്തിന്റെ 13,200/- രൂപ വാടക നിക്ഷേപം (Rent Deposit) ലഭിച്ചത് മുൻകൂർ വാടക (Advance Rent) ഇനത്തിൽ അക്കൗണ്ട് ചെയ്തു.

1-1-8 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന

Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 350800299- Other Liabilities ശീർഷകത്തിലെ 217,962/- രൂപ ബാധ്യത നിലനിൽക്കുന്നത് എന്തിനം ബാധ്യതയാണെന്നതിന്റെ വിശദാംശമില്ല. വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-1-9 Capital Work In Progress രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

412010101-Capital Work In Progress ശീർഷകത്തിലെ ഇടപാടുകളുടെയും നീക്കിയിരിപ്പിന്റെയും കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല. രജിസ്റ്റർ സൂക്ഷിച്ച് ഇടപാടുകൾ നിരീക്ഷിക്കാത്തതിനാൽ പാർട്ട് ബില്ലും ക്രമീകരണവും കൃത്യമായ ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്യുന്നില്ല.

1-1-10 മുൻകൂർ വിവരം അക്കൗണ്ട് ചെയ്തതിൽ അപാകത

പ്രോജക്ട് നം.82/23 പ്രകാരം കെ.എസ്.ഇ.ബി. യിൽ നിക്ഷേപിച്ച 586,927/- രൂപ നിക്ഷേപ ശീർഷകത്തിൽ (460500202) അക്കൗണ്ട് ചെയ്തിട്ടില്ല. മുൻകൂർ വിവരം, തിരിച്ചടവ് തുടങ്ങിയവ കൃത്യമായി അക്കൗണ്ട് ചെയ്യാത്തതിനാൽ ബാലൻസ് ഷീറ്റിലെ ബി-18 ഷെഡ്യൂളിൽ കൃത്യമായ വിവരം പ്രതിഫലിക്കുന്നില്ല.

1-1-11 ഗ്രാന്റ് തുകയുടെ വരവ്-ചെലവ് അക്കൗണ്ട് ചെയ്തില്ല

ജില്ലാ ശുചിത്വ മിഷന്റെ 24-02-2023 ലെ KTM/2025/2023/DSM നം. ഉത്തരവ് പ്രകാരം ലഭിച്ച 826,994/- രൂപ സ്വച്ഛഭാരത് മിഷൻ ഫേസ്-II ഗ്രാന്റായി ലഭിച്ചിരുന്നു. പ്രോജക്ട് നം.117/23 പ്രകാരം തുക ചെലവഴിക്കുകയും ചെയ്തു. തുക ക്രെഡിറ്റ് ചെയ്ത സെക്രട്ടറിയുടെ പേരിലുള്ള IDBI ബാങ്ക് അക്കൗണ്ട് നം.0027104000254236 ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ പ്രോജക്ട് വരവ്-ചെലവ് വാർഷിക കണക്കിൽ ചേർത്തിട്ടില്ല.

1-1-12 മരുന്നു വാങ്ങൽ ചെലവുകൾ മെയിന്റനൻസായി അക്കൗണ്ട് ചെയ്തു

മരുന്നു വാങ്ങൽ പ്രോജക്ടുകളുടെ ചെലവ് മെയിന്റനൻസ് ചെലവായി തെറ്റായി അക്കൗണ്ട് ചെയ്തു. പ്രോജക്ട് നം.95/23 -15 ലക്ഷം, 181/23 -1 ലക്ഷം എന്നിവയുടെ 16 ലക്ഷം രൂപയുടെ ചെലവ് 255200603 മെയിന്റനൻസ് ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്.

1-1-13 വാർഷിക പദ്ധതിയിൽ സൃഷ്ടിക്കുന്ന ആസ്തികൾ ആസ്തി ശീർഷകത്തിൽ ഉൾപ്പെട്ടിട്ടില്ല

ആസ്തികൾ സൃഷ്ടിക്കുന്ന പ്രോജക്ട് ചെലവ് സുസ്ഥിര ആസ്തി ശീർഷകത്തിൽ അക്കൗണ്ട് ചെയ്യുന്നില്ല. ഉദാഹരണമായി ബയോ ടോയ്‌ലറ്റ് സ്ഥാപിക്കൽ പ്രോജക്ടുകളുടെ ചെലവ് (143/23-548,800/-, 50/23-279,334/-, 46/23-223,466/-) ആസ്തിയായി അക്കൗണ്ട് ചെയ്തിട്ടില്ല. ബയോ ടോയ്‌ലറ്റുകൾ ലൈബ്രറികൾക്ക് നൽകിയതിനാലാണ് ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയാക്കാത്തത് എന്നാണറിയിച്ചത്. ബയോ ടോയ്‌ലറ്റിന്റെ ഉടമസ്ഥത സംബന്ധിച്ച് വ്യക്തത വരുത്തി ആവശ്യമെങ്കിൽ ആസ്തിയായി ഉൾപ്പെടുത്തേണ്ടതാണ്.

1-1-14 ബാങ്ക് അക്കൗണ്ട് ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയില്ല

08/12/2021-ൽ ആരംഭിച്ച ഹെൽത്ത് ഗ്രാന്റ് നിക്ഷേപിക്കുന്നതിനുള്ള സീറോ ബാലൻസ് അക്കൗണ്ട് (കാനറാ ബാങ്ക് അക്കൗണ്ട് നം.110027291201) വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. അക്കൗണ്ടിൽ 31/03/2023 വരെ ഇടപാടുകളില്ല.

1-1-15 Prior Period ഇനങ്ങളുടെ വിശദാംശം ലഭ്യമല്ല

942,249/- രൂപ (ഷെഡ്യൂൾ I-18) Prior Period ആയി ക്രമീകരിച്ച ഇനങ്ങളുടെ ആധികാരികത നോട്ട്സ് ഓൺ അക്കൗണ്ടിലൂടെ സെക്രട്ടറി വിശദമാക്കുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

1-2 ബജറ്റ്-വിശകലനം

പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 30/03/2022 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും 2022-23 ധനകാര്യ പത്രിക റസീറ്റ് & പേമെന്റ് പത്രിക (R&P) പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | R&P പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | - | 8,190,719/- |
| വരവ് | 255,974,090/- | 67,576,644/- |
| ആകെ | 255,974,090/- | 75,767,363/- |
| ചെലവ് | 254,583,485/- | 68,172,035/- |
| നീക്കിയിരിപ്പ് | 1,390,605/- | 7,595,328/- |

ബജറ്റ് പ്രകാരം 25.6 കോടി രൂപയുടെ പ്രതീക്ഷിത വരവും 25.46 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. എം.പി./എം.എൽ.എ.ഫണ്ട്, ഗ്രാമപഞ്ചായത്തുകൾക്കുള്ള തൊഴിലുറപ്പ് പദ്ധതി വിഹിതം തുടങ്ങിയ ബ്ലോക്ക് പഞ്ചായത്തിന്റെ ധനകാര്യ പത്രികയിലുൾപ്പെടാത്ത ഫണ്ടുകളുൾപ്പെടെയുള്ളവ ബജറ്റിൽ കണക്കാക്കിയിരിക്കുന്നതിനാൽ ധനകാര്യ പത്രികയിലെ കണക്കുമായി താരതമ്യം സാധ്യമല്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ വിട്ടുകിട്ടിയ സ്ഥാപനങ്ങളിൽ നിന്നുള്ള കൃത്യമായ റിക്വസിഷന്റെ അടിസ്ഥാനത്തിലല്ല 2022-23 ബജറ്റ് തയ്യാറാക്കി അതാത് ശീർഷകങ്ങളിൽ വകയിരുത്തൽ നടത്തിയിട്ടുള്ളത്. ഉദാഹരണമായി പ്രധാനപ്പെട്ട ഘടകസ്ഥാപനമായ പാമ്പാടി താലൂക്ക് ആശുപത്രിക്ക് മൂലധന/റവന്യൂ ചെലവുകൾക്കായി പ്രത്യേക തുക വകയിരുത്തിയിട്ടില്ല. ആരോഗ്യ മേഖലയ്ക്ക് മുഴുവനായുമാണ് തുക വകയിരുത്തുന്നത്. എല്ലാ ഘടക സ്ഥാപനങ്ങളിൽ നിന്നും ഓരോ വർഷത്തെയും ശീർഷകം/ഉപശീർഷകം തിരിച്ചുള്ള മൂലധന/റവന്യൂ റിക്വസിഷൻ ലഭ്യമാക്കിയ ശേഷം ഓരോ സ്ഥാപനത്തിനും ബജറ്റിൽ വിഹിതം വകയിരുത്താൻ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്. ഓരോ മേഖലയ്ക്കുമുള്ള വിഹിതത്തിന്റെ Detailed Budget Head ആയി ഘടക സ്ഥാപനങ്ങൾക്കുള്ള വിഹിതം ബജറ്റിൽ വകയിരുത്തപ്പെടേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ കൃത്യമായ അപ്രോപ്രിയേഷൻ കൺട്രോൾ ഉറപ്പാക്കേണ്ടതുമാണ്. തുടർവർഷങ്ങളിൽ ബജറ്റ് തയ്യാറാക്കുന്നതിൽ ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി നടപടി സ്വീകരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

2022-23 വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 8,190,719/- |
| ഓഡിറ്റ് വർഷത്തെ വരവ് | 67,576,644/- |
| ആകെ | 75,767,363/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | 68,172,035/- |
| നീക്കിയിരിപ്പ് | 7,595,328/- |
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക(സർചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 77,47,721/- |

2022-23 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള സംക്ഷിപ്ത വിവരം

| ഇനം | തുക |
|---|---|
| ആകെ വരുമാനം | 58326055 |
| ആകെ ചെലവ് | 56626846 |
| വരുമാനമിച്ചം | 1699209 |
| മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Adjustment) പ്രകാരം കുറവു ചെയ്തത് | 942249 |
| അറ്റ വരുമാനമിച്ചം | 756960 |

## 1-4 ഗ്രാന്റ് വിനിയോഗം-വിശകലനം

പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 28,452,000/- | 28,452,000/- | 22,034,232/- | 6,417,768/- | 77.44 |
| വികസന ഫണ്ട്-SCSP | 0 | 8,168,000/- | 8,168,000/- | 7,125,936/- | 1,042,064/- | 87.24 |
| വികസന ഫണ്ട്-TSP | 0 | 344,000/- | 344,000/- | 229,500/- | 114,500/- | 66.72 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 1,138,703/- | 6,068,054/- | 7,206,757/- | 4,355,834/- | 2,850,923/- | 60.44 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 2,084,899/- | 8,130,629/- | 10,215,528/- | 5,633,523/- | 4,582,005/- | 55.15 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 0 | 7,640,000/- | 7,640,000/- | 6,772,094/- | 867,906/- | 88.64 |

ധനകാര്യ കമ്മീഷൻ ഗ്രാന്റ് 2022-23 വർഷത്തെ വിഹിതം ബാങ്ക് അക്കൗണ്ടിലും മുൻവർഷം ലാപ്സായ ഗ്രാന്റ് 23/06/2022 ലെ G.O.(Rt) No.4585/2022/Fin പ്രകാരം ലഭിച്ചിട്ടുണ്ട്. അൺടൈഡ്, ടൈഡ് വിഭാഗങ്ങളിലായി 2022-23 വർഷത്തെ അലോട്ട്മെന്റിന് (45.87 ലക്ഷം, 68.81 ലക്ഷം) പുറമേ യഥാക്രമം 1,254,411/- രൂപ 1,249,629/- രൂപ എന്നിങ്ങനെ ക്യാരി ഓവർ വിഹിതം ലഭിച്ചു. ക്യാരി ഓവർ അൺടൈഡ് ഫണ്ട് 648,430/- രൂപ ചെലവഴിച്ച ശേഷം 605,981/- രൂപ ലാപ്സായി. ക്യാരി ഓവറായി ലഭിച്ചതിൽ ടൈഡ് ഫണ്ട് 1,190,416/- രൂപ ചെലവഴിച്ച ശേഷം 59,213/- രൂപ ലാപ്സായി. വിവിധ കേന്ദ്ര/സംസ്ഥാന സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്തതിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. സർക്കാർ ഗ്രാന്റുകളുടെ വിനിമയം വ്യക്തമാക്കുന്ന 2022-33 ലെ ഗ്രാന്റ് പത്രിക (Grant Statement) ജനറേറ്റ് ചെയ്ത് ഹാജരാക്കിയില്ല.
2. പ്രോജക്ട് നം.165/23 കേരളോത്സവം ചെലവ് സുലേഖ ചെലവ് പത്രികയിൽ പ്രതിഫലിച്ചിട്ടില്ല.
3. പ്രോജക്ട് നം.21/23 തനത് ഫണ്ടിൽ നിന്നും 74,707/- രൂപയുടെ ചെലവ് സുലേഖ ചെലവ് പത്രികയിൽ പ്രതിഫലിച്ചിട്ടില്ല.
4. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബാങ്ക് അക്കൗണ്ടിലെ പലിശ 226,643/- രൂപ അൺടൈഡ് ഫണ്ടായി

അക്കൗണ്ട് ചെയ്തെങ്കിലും ആയത് അലോട്ട്മെന്റായി എ.സി.ആർ-ൽ ചേർത്തിട്ടില്ല.

5. ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied ഫണ്ടിന്റെ ബാങ്ക് അക്കൗണ്ടിൽ നിന്നുള്ള ചെലവ് 20,642/- രൂപ എ.സി.ആർ. പ്രകാരമുള്ള ചെലവിനേക്കാൾ കൂടുതലാണ്. മുൻവർഷങ്ങളിലെ പ്രവൃത്തികളുടെ റിക്കവറികൾ ഒടുക്കിയതാണെന്ന് വിശദീകരിച്ചെങ്കിലും പ്രസ്തുത ചെലവിന് ആധാരമായ അടിസ്ഥാന രേഖകളില്ല.

2022-23 സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റ് കണക്കുകളിലും ചെലവ് കണക്കുകളിലും മേൽവിവരിച്ച വ്യത്യാസങ്ങളും അക്കൗണ്ടിങ്ങ് അപാകതകളും കണക്ക് സാധൂകരിക്കുന്ന രേഖകളുടെ അഭാവവും നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് ഈ റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിമയ സാക്ഷ്യപത്രം നൽകുന്നത്.

## 1-5 പദ്ധതി അവലോകനം

പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ (2022-27) ഒന്നാം വാർഷിക പദ്ധതിയ്ക്ക് (2022-23 )ജില്ലാ ആസൂത്രണസമിതിയുടെ ഉത്തരവ് നം. 82898/22/DPC/DPO/KTM തീയതി 06-03-2023പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതി യോഗം | 7.1.2022 |
| വർക്കിംഗ് ഗ്രൂപ്പുകളുടെ കൺവീനർമാരുടെ യോഗം | 16.05.2022 |
| വർക്കിംഗ് ഗ്രൂപ്പ് യോഗം | 20.05.2022 |
| ബ്ലോക്ക് ഗ്രാമസഭ | 9.06.2022 |
| വികസന സെമിനാർ | 14.06.2022 |

2022-23 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണഉദ്യോഗസ്ഥൻ | ഏറ്റെടുത്ത പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ | 2 | 2 | 2565000 | 2565000 |
| ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | 60 | 39 | 36063841 | 22842304 |
| മെഡിക്കൽ ഓഫീസർ(ടി.എച്ച്.ക്യൂ.എച്ച് ) | 7 | 6 | 4893227 | 4881113 |
| പട്ടിക ജാതി വികസന ഓഫീസർ | 2 | 2 | 2600000 | 2150000 |
| അസിസ്റ്റന്റ് ഡയറക്ടർ(കൃഷി) | 3 | 2 | 3141668 | 1500000 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 4 | 4 | 8500001 | 4309703 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 51 | 35 | 25309096 | 13057237 |
| ആകെ | 129 | 90 | 83072833 | 51305357 |

ബ്ലോക്ക് പഞ്ചായത്തിന്റെ നിലവിലെ അവസ്ഥയും പതിനാലാം പഞ്ചവത്സരക്കാലയളവിൽ കൈവരിക്കാവുന്ന വികസന ലക്ഷ്യങ്ങൾ സംബന്ധിച്ചുള്ള സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഒരു പഞ്ചായത്തിലും കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർമാർ പ്രവർത്തിക്കുന്നില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർമാരുടെ പ്രവർത്തനം ആരംഭിക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരമുള്ള വികസന ലക്ഷ്യങ്ങൾ നേടിയെടുക്കാൻ വേണ്ട നടപടികൾ ഭരണസമിതിയുടെ ഭാഗത്ത് നിന്ന് ഉണ്ടാവേണ്ടതാണ്.

വിനിയോഗലക്ഷ്യം കൈവരിച്ചില്ല – 91ലക്ഷം രൂപ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടു

പല നിർവ്വഹണ ഉദ്യോഗസ്ഥർക്കും പദ്ധതി നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ സാധിച്ചില്ല. അസിസ്റ്റന്റ് എഞ്ചിനീയർ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ എന്നിവർക്ക് പ്രോജക്ടുകൾ പൂർണ്ണമായും തൻവർഷം നടപ്പാക്കാനായില്ല. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തയ്യാറാക്കിയ 51 പ്രോജക്ടുകളിൽ 35 പ്രോജക്ടുകൾ മാത്രമാണ് നടപ്പാക്കിയത്.

അംഗീകാരം കിട്ടിയ പ്രോജക്ടുകൾ നടപ്പാക്കാതിരുന്നതും നടപ്പാക്കിയവയുടെ കാര്യത്തിൽ സമയക്ലിപ്തത പാലിക്കാതിരുന്നതിനാലും 9107432/- രൂപയുടെ പദ്ധതിത്തുക ചെലവഴിക്കാനാകാതെ സ്ഥാപനത്തിന് നഷ്ടമാവുകയാണുണ്ടായത്. ഇപ്രകാരം തൻവർഷം സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട സർക്കാർ ഗ്രാന്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | തുക |
|---|---|
| വികസനഫണ്ട്-ജനറൽ | 6417768 |
| എസ് സിപി | 1042064 |
| ടി എസ് പി | 114500 |
| റോഡിതര മെയിന്റനൻസ് ഗ്രാന്റ് | 867906 |
| സിഎഫ് സി ഗ്രാന്റ് ടൈഡ് | 59213 |
| സിഎഫ് സി ഗ്രാന്റ് -അൺടൈഡ് | 605981 |
| ആകെ | 9107432 |

ഭരണസമിതിയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

വർക്കിംഗ് ഗ്രൂപ്പുകളുടെ സംഘാടനം ഫലപ്രദമല്ല

വർക്കിംഗ് ഗ്രൂപ്പുകൾ പുനസംഘടിപ്പിച്ചിരുന്നുവെങ്കിലും പലതും നിർജ്ജീവമാണെന്ന് കാണുന്നു. പല വർക്കിംഗ് ഗ്രൂപ്പുകളും പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി യോഗം ചേർന്നുവെങ്കിലും പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിലും വേണ്ടത്ര ശ്രദ്ധ പുലർത്തിയിട്ടില്ല. ഇത് പദ്ധതി രൂപീകരണത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ നിഷ്ക്രിയമായിരുന്നു എന്നത് വ്യക്തമാക്കുന്നു. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇവയും ഫലപ്രദമായി നിർവ്വഹിക്കുന്നതായി കാണുന്നില്ല. ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നിർവ്വഹണ ഏജൻസികൾക്ക് പ്രോജക്ട് പ്രകാരം തുക കൈമാറിയിരുന്നുവെങ്കിലും കൂടുതൽ പ്രോജക്ടുകളും നിലവിലും നടപ്പാക്കാതെ പ്രോജക്ട് തുക നിർവ്വഹണ ഏജൻസികളുടെ അക്കൗണ്ടുകളിൽ ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്നതായിട്ടാണ് കാണുന്നത്. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പുപദ്ധതി

തൊഴിലുറപ്പ് പദ്ധതി ഫണ്ടിന്റെ വിനിമയം ബ്ലോക്ക് പഞ്ചായത്തിന്റെ ധനകാര്യ പത്രികയിൽ അക്കൗണ്ട് ചെയ്യിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് മുൻകൂർ കൊടുക്കുന്ന തുക മാത്രമാണ് വാർഷിക ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നത്. തൊഴിലുറപ്പ് ക്യാഷ് ബുക്ക് പ്രകാരമുള്ള കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| വരവ് | | ചെലവ് | |
|---|---|---|---|
| മുന്നിരിപ്പ് (01/04/2022) | 130751.50 | ശമ്പളം | 662419 |

| | | | |
|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് വരവ് (EFMS) | 496483 | ഐ.റ്റി. സർവ്വീസ് | 31000 |
| പലിശ വരവ് | 2764 | സ്റ്റേഷനറി | 23615 |
| നീരുറവ് സ്കീം | 23625 | ട്രെയിനിങ്ങ് | 18970 |
| കില ഫണ്ട് | 13074 | ജി.ഐ.എസ്. സർവേ | 116240 |
| ജി.ഐ.എസ്. സർവേ | 17229 | കില | 13074 |
| ബ്ലോക്കിൽ നിന്ന് മുൻകൂർ | 736004 | ബ്ലോക്കിൽ നിന്ന് മുൻകൂർ തിരിച്ചടവ് | 496483 |
| | | നീക്കിയിരിപ്പ് (31/03/2023) | 58039.50 |
| ആകെ | 1419840.5 | ആകെ | 1419840.5 |

SBI പള്ളിക്കത്തോട് ശാഖയിലെ 67131752364 നം. അക്കൗണ്ടിലൂടെയാണ് തൊഴിലുറപ്പ് ഫണ്ടിന്റെ വിനിമയം നടത്തുന്നത്.

## 1-7 തൊഴിലുറപ്പ് വിഭാഗത്തിന് മുൻകൂർ-തുക ക്രമീകരിക്കുന്നില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ 31/03/2023 ബാലൻസ് ഷീറ്റ് പ്രകാരം 9 ലക്ഷത്തിലധികം രൂപ തൊഴിലുറപ്പിന് അഡ്വാൻസ് നൽകിയത് ക്രമീകരിക്കാനുണ്ട്(അഡ്വാൻസ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കാത്തതിനാൽ കൃത്യമായ തുക ലഭ്യമല്ല). 2022-23 വർഷം 7.36 ലക്ഷം അഡ്വാൻസ് നൽകിയതിൽ 4.96 ലക്ഷം മാത്രമാണ് ക്രമീകരിച്ചത്. ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കാൻ മതിയായ തൊഴിലുറപ്പ് ഫണ്ട് ലഭ്യമാക്കി മുൻകൂർ തുക ക്രമീകരിക്കാനുള്ള തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് 2022-23 വാർഷിക കണക്കുകളുടെ ഓഡിറ്റിന്റെ ഭാഗമായി കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിൽ അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ 21/06/2023 തീയതിയിൽ 03:30 PM സമയത്ത് നടത്തുകയുണ്ടായി. അന്നേ ദിവസം ഫ്രണ്ട് ഓഫീസിൽ ക്യാഷ് വരവ് ഇല്ലായിരുന്നു. ഭൗതിക പരിശോധന സമയത്ത് ക്യാഷ് ബുക്ക് പ്രകാരം ക്യാഷ് നീക്കിയിരിപ്പ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഉത്തരവുകൾ പ്രകാരം ജോലിവിഭജനം നടത്തിയിട്ടുണ്ട്. പ്രോജക്റ്റ് ഫയലുകളോടൊപ്പം ബന്ധപ്പെട്ട മോണിറ്ററിങ്ങ് സമിതിയുടെ റിപ്പോർട്ട് ഉൾപ്പെടുത്തുന്നില്ല.

സാംഖ്യ രസീതുകളുടെ പ്രിന്റർ പ്രവർത്തിക്കുന്നില്ല എന്നതിനാൽ ഫ്രണ്ട് ഓഫീസിൽ മാന്വൽ രസീത് മുഖേന വരവ് സ്വീകരിച്ച് ഇന്ററപ്റ്റഡ് രസീതായി സാംഖ്യയിൽ അക്കൗണ്ട് ചെയ്യുന്ന രീതിയാണ് തുടരുന്നത്. 21/07/2022 ന ശേഷം സാംഖ്യ രസീതുകൾ പ്രിന്റ് ചെയ്ത് നൽകിയിട്ടില്ല. താൽക്കാലിക സംവിധാനം മാത്രമായ ഇന്ററപ്റ്റഡ് രസീത് നൽകൽ തുടർച്ചയായി അവലംബിക്കുന്നത് ഉചിതമല്ല.

വിവിധ അക്കൗണ്ടുകളുടെ പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, വാർഷിക കണക്കുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ എന്നിവ

കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. തനത് ഫണ്ട് ചെലവ് വൗച്ചറുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്.

പൊതുമരാമത്ത് പ്രവൃത്തികൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 51 പ്രോജക്ടുകൾ വിഭാവനം ചെയ്തവയിൽ 35 പ്രവൃത്തികൾ 2022-23ൽ നടപ്പിലാക്കി. 19 സ്പിൽ ഓവർ പ്രോജക്ടുകളിൽ 11 എണ്ണം നടപ്പാക്കിയിട്ടുണ്ട്. കുടിവെള്ള പദ്ധതികൾ, സ്കൂളുകൾക്ക് ടോയ്‌ലറ്റ് നിർമ്മാണം എന്നിവയാണ് ഭൂരിഭാഗം പ്രവൃത്തികളും. സ്പിൽ ഓവർ മരാമത്ത് പ്രോജക്ട് നടപടികൾ പ്രൈസ്-1 ലൂടെയും പുതിയ മരാമത്ത് പ്രോജക്ടുകൾ പ്രൈസ് 3 മുഖേനയുമാണ് നിർവ്വഹിച്ചിരിക്കുന്നത്. എസ്റ്റിമേറ്റ്, ടെണ്ടർ നടപടിക്രമങ്ങൾ, സെലക്ഷൻ നോട്ടീസ്, കരാർ റണ്ണിംഗ് അക്കൗണ്ട് ബിൽ ഉൾപ്പെടെയുള്ളവയുടെ ഹാർഡ് കോപ്പി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഇ-ടെണ്ടർ നടപടിക്രമങ്ങൾ നിലവിൽ പ്രൈസ് 3-യുമായി ലിങ്ക് ചെയ്തിട്ടില്ലാത്തതിനാൽ ഇ-ടെണ്ടർ വിശദാംശങ്ങൾ വീണ്ടും പ്രൈസ് 3-യിൽ അപ്‌ലോഡ് ചെയ്യേണ്ടി വരുന്നുണ്ട്. ഇ-ടെണ്ടർ സൈറ്റിന്റെയും പ്രൈസ് 3-യുടെയും ലിങ്കിംഗ് നാളിതുവരെ സാധ്യമായിട്ടില്ല.

ഫയൽ സൂക്ഷിപ്പ് തൃപ്തികരമാണ്. എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ അസിസ്റ്റന്റ് എഞ്ചിനീയർ ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ അധിക ചുമതല ഈ കാലയളവിൽ വഹിച്ചിരുന്നു. പ്രൈസ് 3-യിൽ വിവരങ്ങൾ സമയബന്ധിതമായി അപ്‌ലോഡ് ചെയ്യേണ്ടിവരുന്ന സാഹചര്യത്തിൽ അധികചുമതലയുള്ളയാൾ നിർവ്വഹണോദ്യോഗസ്ഥനായ സാഹചര്യം പ്രവൃത്തികളുടെ മേൽനോട്ട പ്രക്രിയയെ പ്രതികൂലമായി ബാധിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്തിന്റെ ഓഡിറ്റ് കാലയളവിലെ ആഭ്യന്തരനിയന്ത്രണസംവിധാനം പൊതുവെ തൃപ്തികരമായിരുന്നുവെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 01/11/2022 | 2021-22 | No.02/DPAW /KTM/2022 തീയതി – 03/02/2023 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15/12/2017 മുതൽ 25/12/2017 വരെ | 2013-14 മുതൽ 2016-17 വരെ | LBA(WQ)II/8A /2727/324 തീയതി – 29/01/2018 |

1-11 മുൻകൂർ/അഡ്വാൻസ് രജിസ്റ്റർ സൂക്ഷിപ്പിൽ അപാകത-കണക്കുകളിൽ അവ്യക്തത

ബ്ലോക്ക് പഞ്ചായത്ത് വിവിധ ഇനങ്ങളിലായി മുൻകൂർ കൊടുക്കുന്ന തുകകൾ, ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് വിവിധ ഏജൻസികളിൽ നൽകുന്ന തുകകൾ എന്നിവയുടെ ഓരോ സാമ്പത്തിക വർഷത്തെയും മുന്നിരിപ്പ് വിശദാംശം, തൻവർഷ ഇടപാടുകൾ എന്നിവ നിശ്ചിത മാതൃകയിലുള്ള അഡ്വാൻസ് രജിസ്റ്ററിൽ ചേർത്ത് 2022-23 വർഷത്തെ കണക്കുകൾ ക്ലോസ് ചെയ്തിട്ടില്ല. എല്ലാ ഏജൻസികൾക്കും നിക്ഷേപിക്കുന്ന തുകകൾ രജിസ്റ്ററിൽ തുടർച്ചയായി ചേർത്തു പോരുന്നതായും ക്രമീകരണം മുൻവർഷ എൻട്രികളിൽ നടത്തുന്നതുമായാണ് കാണുന്നത്. 2011-കേരള പഞ്ചായത്ത്

രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-32, 58(4)(ഡി) എന്നിവ പ്രകാരം മുൻകൂർ രജിസ്റ്റർ സാമ്പത്തിക വർഷാവസാനം ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. 2022-23 ധനകാര്യ പത്രിക, ലഭ്യമാക്കിയ ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ മുൻകൂർ തുക വിനിമയത്തിലെ അപാകതകൾ ചുവടെ വിവരിക്കുന്നു.

1. 2022-23 വർഷം നിക്ഷേപ പ്രവൃത്തിയായി 82/23 നം. പ്രോജക്ട് പ്രകാരം കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ച 586,927/- രൂപ നിക്ഷേപ ശീർഷകത്തിൽ (460500202) അക്കൗണ്ട് ചെയ്തിട്ടില്ല. അക്കൗണ്ടിങ്ങ് അപാകത മൂലം പ്രസ്തുത നിക്ഷേപം 31/03/2023 ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂളിൽ പ്രതിഫലിച്ചിട്ടില്ല.
2. വാട്ടർ അതോറിറ്റിയിൽ നിലനിൽക്കുന്ന ബ്ലോക്ക് പഞ്ചായത്ത് നൽകിയ മുൻകൂർ തുകയുടെ 2022-23 മുന്നിരിപ്പിൽ അവ്യക്തത നിലനിൽക്കുന്നു. 2022-23 വർഷം 27/05/2022 ലെ എ.ബി.3/5413-93/UC പ്രകാരം 747,027/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചെങ്കിലും ബ്ലോക്ക് പഞ്ചായത്ത് മുൻകൂർ തുക ശീർഷകത്തിലെ(460500201) മുന്നിരിപ്പിലെ അപാകത മൂലം 4.1 ലക്ഷം രൂപ മാത്രമാണ് വിനിയോഗിച്ചതായി അക്കൗണ്ടിങ്ങ് ക്രമീകരണം നടത്തിയത്.
3. വാട്ടർ അതോറിറ്റിയിൽ നിന്നും മുൻകൂർ നൽകിയിരുന്ന തുകയിൽ ചെലവഴിക്കാത്ത തുക 1,562,973/- രൂപ 2022-23 വർഷം പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കിയിട്ടുണ്ട്. മുൻകൂർ ശീർഷകത്തിലെ മുന്നിരിപ്പിൽ അപാകതയുള്ളതിനാൽ ടി തുക 350300109 ശീർഷകത്തിലാണ് വരവായി അക്കൗണ്ട് ചെയ്തത്. ഏജൻസികൾ മുൻകൂറുകൾ മുൻ വർഷങ്ങളിലേത് ചെലവഴിക്കാതെ തിരികെ അടവാക്കുമ്പോൾ മുൻകൂർ ശീർഷകത്തിൽത്തന്നെ വരവായി സ്വീകരിക്കേണ്ടതും പിന്നീട് Prior Period ശീർഷകത്തിൽ നിന്നും നേരിട്ടോ ബാധ്യതാ ശീർഷകത്തിൽ അക്രുവൽ ചെയ്തോ സർക്കാരിലേക്ക് ഒടുക്കുകയുമാണ് ചെയ്യേണ്ടത്.
4. ഭൂജല വകുപ്പിലെ നിക്ഷേപ ശീർഷകത്തിലെ(460500204) 2022-23 മുന്നിരിപ്പായ 2,705,320/- രൂപ ഏതെല്ലാം പ്രോജക്ടുകൾക്കാണ് നിക്ഷേപിച്ചത് എന്നതിന്റെ വിശദാംശം(പ്രോജക്ട്,വർഷം,തുക) മുൻകൂർ രജിസ്റ്ററിൽ ലഭ്യമല്ല.
5. 460500201-Other Advances, 460509901-Advance To Others ശീർഷകങ്ങളിലെ മുന്നിരിപ്പ്, തൻവർഷ ഇടപാട്, ക്രമീകരണം, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശം ലഭ്യമല്ല.
6. 460600101-Electricity Deposits ശീർഷകത്തിൽ നിലനിൽക്കുന്ന 5,071/- രൂപ ഏത് ഏജൻസിയിൽ ഏത് പ്രോജക്ട് പ്രകാരം നിക്ഷേപിച്ചതാണ് എന്നത് ലഭ്യമല്ല.

മുൻകൂറുകളുടെ കൃത്യമായ വിവരങ്ങൾ സാമ്പത്തിക വർഷം അടിസ്ഥാനത്തിൽ സൂക്ഷിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്താതിരിക്കുന്നത് മേൽചട്ടങ്ങളുടെ ലംഘനത്തിനും മുൻകൂർ തുകയുടെ ക്രമീകരണത്തിൽ അവ്യക്തതയ്ക്കും മേൽവിവരിച്ച പ്രകാരമുള്ള അക്കൗണ്ടിങ്ങ് അപാകതകൾക്കും ഇടയാക്കുന്നു. അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.2/2022-23 /22.06.2023) നൽകിയതിന് മറുപടി ലഭ്യമാക്കി. ക്രമ നം. 2, 3 അപാകതകൾ നിലവിൽ പരിഹരിച്ചു എന്നും 1,4,5 പരിഹരിച്ച് ഓഡിറ്റിൽ അറിയിക്കുന്നതാണ് എന്നും ക്രമ നം.6 പ്രകാരമുള്ള തുക ഇലക്ട്രിസിറ്റി കണക്ഷന് കെ.എസ്.ഇ.ബിയിൽ ഒടുക്കിയതാണ് എന്നാണ് മറുപടി നൽകിയത്.

മുൻകൂറുകൾ ക്രമീകരിക്കുമ്പോൾ ജേർണൽ വൗച്ചർ നം./തീയതി, വിനിയോഗ സാക്ഷ്യപത്രം നം./തീയതി എന്നിവ നിർബന്ധമായും മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. 01/04/2022 ലെ മുന്നിരിപ്പ് വിശദാംശം ക്യാരി ഓവർ ചെയ്ത ശേഷം ഓരോ ശീർഷകങ്ങളുടെയും 2022-23 മുൻകൂർ രജിസ്റ്റർ തയ്യാറാക്കി ധനകാര്യ വർഷത്തെ കണക്കുകൾ ക്ലോസ് ചെയ്ത് സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ ശേഷം രജിസ്റ്ററിന്റെ പകർപ്പ് ഈ റിപ്പോർട്ടിനുള്ള ന്യൂനതാ പരിഹാര റിപ്പോർട്ടിനൊപ്പം ലഭ്യമാക്കേണ്ടതാണ്.

## 1-12 ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല-കാലഹരണപ്പെട്ട നിക്ഷേപങ്ങൾ മുതൽക്കൂട്ടിയിട്ടില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ 31/03/2023 ലെ ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ പ്രകാരം 846,243/- രൂപ നിക്ഷേപമിനത്തിൽ ബാധ്യതയായി അവശേഷിക്കുന്നുണ്ട്. പ്രസ്തുത നിക്ഷേപങ്ങളുടെ ഓരോ ശീർഷകത്തിലെയും 01/04/2022 ലെ മുന്നിരിപ്പ് വിശദാംശം (ഒടുക്കിയ വ്യക്തി/സ്ഥാപനം, ഒടുക്കിയ കാലയളവ്, ഉദ്ദേശ്യം/പ്രോജക്ട്, പ്രോജക്ട് പൂർത്തിയാക്കിയ തീയതി) ക്യാരി ഓവർ ചെയ്ത് 2022-23 ഡെപ്പോസിറ്റ് രജിസ്റ്ററിൽ തയ്യാറാക്കിയിട്ടില്ല. 2011-കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-33, 58(3)(എ) എന്നിവ പ്രകാരം ഡെപ്പോസിറ്റ് രജിസ്റ്റർ മുന്നിരിപ്പ് വിശദാംശം ഉൾപ്പെടെ തയ്യാറാക്കി സാമ്പത്തിക വർഷാവസാനം ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതായിരുന്നു. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കാത്തതു മൂലം വാടക നിക്ഷേപം ഒഴികെയുള്ള കാലഹരണപ്പെട്ട നിക്ഷേപങ്ങൾ കണ്ടെത്താനും ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാനും സാധിച്ചില്ല. തൻവർഷം 38,260/- രൂപ ഡെപ്പോസിറ്റ് റീഫണ്ട് ചെയ്തിട്ടുമുണ്ട്. ഡെപ്പോസിറ്റ് വിശദാംശവും അവയുടെ ക്രമീകരണങ്ങളും നിരീക്ഷിക്കുന്നതിനുള്ള രേഖകളൊന്നും ബ്ലോക്ക് പഞ്ചായത്തിലില്ല. അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.01/2022-23/22.06.2023) നൽകിയതിന് മറുപടി ലഭിച്ചില്ല.

ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ച ഡെപ്പോസിറ്റുകളുടെ 01/04/2022 ലെ മുന്നിരിപ്പ് വിശദാംശം ക്യാരി ഓവർ ചെയ്ത ശേഷം ഓരോ ശീർഷകങ്ങളുടെയും 2022-23 ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി ധനകാര്യ വർഷത്തെ കണക്കുകൾ ക്ലോസ് ചെയ്ത് സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ ശേഷം രജിസ്റ്ററിന്റെ പകർപ്പ് ഈ റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്. 2022-23 ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കിയ ശേഷം കാലഹരണപ്പെട്ട നിക്ഷേപങ്ങൾ (വാടക നിക്ഷേപം ഒഴികെ) ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ അനുമതിക്ക് വിധേയമായി 2023-24 വർഷം തന്നെ മുതൽക്കൂട്ടേണ്ടതാണ്. നടപടികൾ പൂർത്തിയാക്കി കാലഹരണപ്പെട്ട നിക്ഷേപങ്ങൾ മുതൽക്കൂട്ടിയതിന്റെ വിവരവും ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ-- വരവ്/വിനിമയ വിവരങ്ങൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലൂടെ നിരീക്ഷിക്കുന്നില്ല

പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വാർഷിക ധനകാര്യ പത്രിക പ്രകാരം IAY, SGSY, TSC, ശുചിത്വ മിഷൻ, വിവിധ ട്രെയിനിങ്ങുകൾക്ക് ലഭിച്ച ഫണ്ട് തുടങ്ങിയ ഗ്രാന്റുകളും കോൺട്രിബ്യൂഷനുകളും ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലുള്ളതായി കാണുന്നു. പ്രസ്തുത ഫണ്ടുകളുടെ വിനിയോഗം നിരീക്ഷിക്കുന്നതിന് എ.സി.ആർ. സൂക്ഷിക്കുന്നില്ല. 2011-കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-13 പ്രകാരം ഇപ്രകാരമുള്ള ഫണ്ടുകളുടെ വിനിയോഗം കൃത്യമായി അക്കൗണ്ട് ചെയ്യേണ്ടതും എ.സി.ആർ. സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമായിരുന്നു. എ.സി.ആർ. സൂക്ഷിക്കാതിരുന്നതിനാൽ ഗ്രാന്റുകളുടെ മുന്നിരിപ്പ് വിശദാംശം (ഉദ്ദേശ്യം, പ്രോജക്ട്, ലഭിച്ച വർഷം) ലഭ്യമല്ല. തൻവർഷം SGSY ഫണ്ട് 1,025,806/- രൂപ തിരികെ അടവാക്കി ബാധ്യത ഒഴിവാക്കിയിട്ടുമുണ്ട്. മേൽപറഞ്ഞ ചട്ടങ്ങൾ പ്രകാരം കൃത്യമായ രേഖകൾ സൂക്ഷിക്കാതെയും സാക്ഷ്യപ്പെടുത്താതെയും പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ വിനിയോഗം നടത്തിയത് സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.15/2022-23/27-06-2023) നൽകിയതിന് മറുപടി ലഭിച്ചില്ല.

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ വിനിയോഗ കണക്കുകൾ 01/04/2022-ലെ മുന്നിരിപ്പ് വിശദാംശം ഉൾപ്പെടെ എ.സി.ആർ. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്. 2022-23 വർഷം പ്രോജക്ട്/പ്രോജക്ടിതര ചെലവ് തുക അതാത് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റിൽ നിന്ന് കുറവ് ചെയ്ത ജേർണൽ വൗച്ചർ നമ്പർ കൃത്യമായി എ.സി.ആർ.-ൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. 2022-23 എ.സി.ആർ. പൂർത്തിയാക്കി ഓരോ ഗ്രാന്റുകളുടെയും വാർഷിക സംക്ഷിപ്തം സാക്ഷ്യപ്പെടുത്തിയ

ശേഷം എ.സി.ആർ.-ന്റെ പകർപ്പ് പ്രഥമ മറുപടിയോടൊപ്പം ഹാജരാക്കേണ്ടതാണ്.

## 1-14 വാടക – പൊതു അപാകതകൾ

വാടക ഡിമാന്റ് രജിസ്റ്റർ ഇൻഡെക്സ് പ്രകാരം 10 മുറികളാണ് വാടകയ്ക്ക് നൽകാനുള്ളത്. 2022-23 വർഷം 9 മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. ഒരെണ്ണം മെയിന്റനൻസ് നടത്തിയിട്ടില്ല എന്നാണ് ഡി.സി.ബി. പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിട വാടക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നതിലും വാടക നിക്ഷേപം ഈടാക്കുന്നതിലും അപാകതകൾ നിലനിൽക്കുന്നതായി കാണുന്നു.

1. വാടക ഡിമാന്റ് രജിസ്റ്ററിൽ ഓരോ കെട്ടിടങ്ങളുടെയും വാടക ഡിമാന്റ്, കളക്ഷൻ, ബാലൻസ് കണക്കുകൾ ക്ലോസ് ചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഓരോ കെട്ടിടങ്ങളുടെയും വാടക കണക്കുകൾ ഡിമാന്റ് രജിസ്റ്ററിൽ ക്ലോസ് ചെയ്യാതെയാണ് ഡി.സി.ബി. തയ്യാറാക്കിയത്.
2. കുടിശിക, തൻവർഷ ഡി.സി.ബി. പത്രികയിലെ കളക്ഷൻ തുകയിൽ ധനകാര്യ പത്രിക പ്രകാരമുള്ള കളക്ഷൻ തുകയിൽ നിന്ന് നേരിയ വ്യത്യാസം കാണുന്നു.
3. 2022-23 വർഷം വാടക തുകയ്ക്ക് ആനുപാതികമായി GST അടവാക്കിയിട്ടില്ല.
4. വാടക ഡിമാന്റ് രജിസ്റ്ററിൽ വാടക നിക്ഷേപ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. വാടക നിക്ഷേപത്തിൽ നിന്നും വാടകയായി ക്രമീകരിക്കുന്നതിന്റെ രേഖപ്പെടുത്തലുകളും നടത്തുന്നില്ല.
5. വാർഷിക വാടകയ്ക്ക് ആനുപാതികമായ വാടക നിക്ഷേപം ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിക്കുന്നില്ല എന്ന് ലഭ്യമാക്കിയ വാടക നിക്ഷേപ സ്റ്റേറ്റ്മെന്റിൽ കാണുന്നു. ഉദാഹരണമായി 3 കടമുറികൾ കുത്തകയുള്ള സരിത ആർ. എന്ന വ്യക്തിയുടെ വാടക നിക്ഷേപം 31/03/2023-ൽ 18,000/- രൂപ മാത്രമാണ്. ടി വ്യക്തിയുടെ വാടക കുടിശിക 31/03/2023-ൽ 137,036/- രൂപയുമാണ്. ടിയാൾ കുടിശിക ഒടുക്കാതെ കുത്തകയൊഴിഞ്ഞാൽ ബ്ലോക്ക് പഞ്ചായത്തിന് വാടക ഈടാക്കാൻ കഴിയാത്ത അവസ്ഥയുണ്ടാകും.
6. 2022-23 വാടക നിക്ഷേപം വാർഷിക കണക്കുകൾ പ്രകാരമുള്ളത് ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വാടക നിക്ഷേപ കണക്കുമായി പൊരുത്തപ്പെടുന്നില്ല.

വാടക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നതിലെയും വാടക നിക്ഷേപം സംബന്ധിച്ചുമുള്ള അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.8/24.06.2023) നൽകിയതിന് മറുപടി ലഭിച്ചില്ല. വാടക ഡിമാന്റ് രജിസ്റ്റർ, വാടക നിക്ഷേപം ഈടാക്കൽ എന്നീ വിഷയങ്ങളിൽ ചൂണ്ടിക്കാണിച്ച അപാകതകൾ എല്ലാം പരിഹരിച്ച് ഇതുമായി ബന്ധപ്പെട്ട അനുബന്ധരേഖകൾ, രജിസ്റ്ററുകൾ എന്നിവയുടെ എല്ലാം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഈ റിപ്പോർട്ടിനുള്ള ന്യൂനതാ പരിഹാര റിപ്പോർട്ടിൽ ഹാജരാക്കേണ്ടതാണ്.

## 1-15 കുടിശ്ശിക ഈടാക്കാതെ കുത്തകക്കരാർ അവസാനിപ്പിച്ചു - 1.22 ലക്ഷം രൂപ നിലവിലും കുടിശിക

2022-23 വർഷത്തെ കുടിശിക വാടക ഡി.സി.ബി. പ്രകാരം XIII/513/3 നം. കെട്ടിടത്തിന്റെ 2018 വർഷം ഡിസംബറിൽ കുത്തകയൊഴിഞ്ഞ ശ്രീമതി ദീപ്തി എൻ. നായർ, ഉണ്ടത്തിൽ, പിറയാർ, കിടങ്ങൂർ പി.ഒ. എന്ന വ്യക്തി 1.22 ലക്ഷം രൂപ കുടിശിക വരുത്തിയതായി കാണുന്നു. ഡി.സി.ബി. പത്രിക പ്രകാരം ജൂലൈ-2016 മുതൽ ഡിസംബർ-2018 വരെ 31 മാസത്തെ വാടകയാണ് കുടിശിക വരുത്തിയത്. 01/04/2022 ൽ 1.32 ലക്ഷം രൂപയായിരുന്ന കുടിശികയിൽ 10,000/- രൂപ തൻവർഷം അടവാക്കിയ ശേഷമാണ് 31/03/2023 ൽ 1.22 ലക്ഷം രൂപ കുടിശികയുള്ളത്. കടമുറികൾ വാടകയ്ക്ക് നൽകുമ്പോൾ തന്നെ കുത്തകക്കാരനിൽ നിന്നും നിശ്ചിത വാടക നിക്ഷേപം (Rent Deposit) ഈടാക്കി ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിക്കാതിരുന്നതിനാൽ ടിയാളുടെ കുടിശ്ശിക വാടക ഈടാക്കാൻ സാധിക്കാതെ കുത്തക ഒഴിയേണ്ട സാഹചര്യമുണ്ടായത്. കൃത്യമായ വാടക നിക്ഷേപം ഈടാക്കാതെയും വാടക ദീർഘകാല കുടിശിക വരുത്തിയിട്ടും കുത്തകക്കാരിയെ തുടരാൻ അനുവദിച്ചതും ഇപ്രകാരം ബ്ലോക്ക്

പഞ്ചായത്തിന് വരുമാന നഷ്ട സാധ്യതയുണ്ടാക്കി. ബ്ലോക്ക് പഞ്ചായത്ത് മേൽ വ്യക്തിയുമായി കുടിശ്ശിക വാടക പലിശ സഹിതം ഒടുക്കാൻ കത്തിടപാട് നടത്തിയതിന്റെ ഭാഗമായി 10,000/- രൂപ മാത്രമാണ് ഒടുക്കിയത്. കുടിശ്ശിക കാലയളവിലെ വാടക കുത്തക ഇടപാടുകളിൽ കൃത്യമായ വാടക നിക്ഷേപം സ്വീകരിക്കുന്നതിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഭാഗത്തു നിന്നുള്ള വീഴ്ച മൂലമാണ് ഇപ്രകാരം കുടിശ്ശികയുണ്ടായത്. അപാകതയ്ക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.3/2022-23/23-06-2023) നൽകിയതിന് മറുപടി ലഭിച്ചില്ല.

കുത്തകയൊഴിഞ്ഞ ദീപ്തി എൻ. നായർ എന്ന വ്യക്തിയുടെ വാടക കുടിശ്ശിക പിഴപ്പലിശ സഹിതം 2023-24 വർഷം അടിയന്തിരമായി ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി രസീതും കുടിശ്ശിക ഡി.സി.ബി. രേഖകളും പ്രഥമ മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്. കുടിശിക ഈടാക്കാൻ കഴിയാത്ത പക്ഷം കുടിശ്ശിക കാലയളവിൽ കൃത്യമായ വാടക നിക്ഷേപം ഈടാക്കാതെയും വാടക കുടിശിക വരുത്തിയും ടി കുത്തക തുടരാൻ അനുവദിച്ച സെക്രട്ടറിയിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിനുണ്ടായ നഷ്ടം ഈടാക്കേണ്ടതാണ്.

## 1-16 കുടിശിക വാടക അടവാക്കാതെ തൻവർഷ വാടക ഒടുക്കുന്നു

ബ്ലോക്ക് പഞ്ചായത്തിന്റെ XIII/7B,7C, 7E മുറികൾ കുത്തകയെടുത്ത സരിത ആർ., ഇരട്ടക്കാലിക്കൽ എന്ന വ്യക്തി മുൻവർഷ കുടിശിക വാടക ഒടുക്കാതെ 2022-23 വർഷ വാടക ഒടുക്കിയതായി ഡി.സി.ബി. പത്രികയിൽ കാണുന്നു. 2022-23 വർഷത്തിലും ടിയാളുടെ വാടക പല മാസങ്ങളിലും ഒടുക്കാതിരുന്നിട്ടും തുടർ മാസങ്ങളിലേതായിട്ടാണ് വരവായി സ്വീകരിച്ചത്. കുടിശിക വാടക ഒടുക്കാതെ തൻവർഷം വാടക സ്വീകരിച്ചത് ബ്ലോക്ക് പഞ്ചായത്തിന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്. വാടക കുടിശിക വിവരം ഡി.സി.ബി. പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | 2022-23ലെ പ്രതിമാസ വാടക | മുൻവർഷ കുടിശിക | കുടിശിക കാലയളവ് | 2022-23 വാടക അടവാക്കിയ തുക | അടവാക്കിയ കാലയളവ് |
|---|---|---|---|---|---|
| XIII/7A | 3,146 | 27,039/- | 06/2021-03/2022 | 19,190 | 06/2022-11/2022 |
| XIII/7B | 3,146 | 27,039/- | 06/2021-03/2022 | 19,190/- | 06/2022-11/2022 |
| XIII/7C | 2,995 | 25,268/- | 06/2021-03/2022 | 17,970/- | 06/2022-11/2022 |

മുൻവർഷത്തെ കുടിശിക നിലനിൽക്കെയാണ് 2022-23 വർഷത്തെ വാടക വരവായി സ്വീകരിച്ചത്. 2022-23 വർഷം 04/2022, 05/2022 മാസങ്ങളിലെ വാടക അടവാക്കാതെയാണ് തുടർ മാസങ്ങളിലെ വാടക സ്വീകരിച്ചത്. ഇപ്രകാരം വാടക അടവാക്കുന്നതിലെ അപാകതകൾ വരുത്തിയതിനും കുടിശിക നിലനിൽക്കെ തൻവർഷ വാടക വരവ് വച്ചതിനും വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.7/2022-23/24-06-2023) നൽകിയതിന് മറുപടി ലഭിച്ചില്ല. കുടിശ്ശിക വാടക ഈടാക്കാതെ തുടർ മാസങ്ങളിലെ വാടക വരവ് വച്ചത് ബന്ധപ്പെട്ട സെക്ഷന്റെ വീഴ്ചയാണ്. കുടിശ്ശിക ഒടുക്കാതെ വാടക കരാർ പുതുക്കിയതും ക്രമപ്രകാരമല്ല.

സരിത ആർ.-ന്റെ കുത്തകയുള്ള മേൽവിവരിച്ച മൂന്ന് കടമുറികളുടെ 31/03/2023 വരെയുള്ള വാടക കുടിശിക തൻവർഷം 2023-24 ൽ കുടിശിക ശീർഷകത്തിൽ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ അടവാക്കി രസീതും പ്രസ്തുത കുടിശ്ശിക ഡി.സി.ബി.-യും സാക്ഷ്യപ്പെടുത്തി ഈ റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ അറിയിക്കേണ്ടതാണ്.

### 1-17 ഇ-ടെണ്ടർ ഫീസ് ലഭ്യമാകുവാൻ നടപടി സ്വീകരിക്കേണ്ടതാണ്

ചീഫ് എഞ്ചിനീയറുടെ 17.08.2017ലെ DB1/7942/2010/CE/LSGD നം. സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനും മറ്റുമായി ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ SBI പള്ളിക്കത്തോട് ശാഖയിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയുള്ള ഇ-ടെണ്ടറുകളുടെ ടെണ്ടർ ഫീസ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കോട്ടയം ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് ലഭ്യമായില്ല. ബ്ലോക്ക് പഞ്ചായത്തിന് അർഹമായ ടെണ്ടർ ഫീസ് ലഭ്യമാകുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. ടെണ്ടർ ഫീ, ഇ.എം.ഡി., സെക്യൂരിറ്റി നിക്ഷേപം മുതലായവ ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിലൂടെ നേരിട്ട് വിനിമയം ചെയ്യപ്പെടുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യേണ്ടതുമാണ്.

### 1-18 കരാർ ജീവനക്കാരുടെ ആർജ്ജിതാവധി സറണ്ടർ-അവധി അക്കൗണ്ട് സൂക്ഷിക്കുന്നില്ല

തൊഴിലുറപ്പ് പദ്ധതിയിലും പ്രോജക്ട് അസിസ്റ്റന്റായും പ്രവർത്തിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് കരാർ ജീവനക്കാർക്ക് 2022-23 വർഷം 15 ദിവസത്തെ വീതം ആർജ്ജിതാവധി സറണ്ടർ ചെയ്ത് പണമാക്കി അനുവദിച്ചിരുന്നു. ടി ജീവനക്കാരുടെ ആർജ്ജിതാവധി അക്കൗണ്ട് സൂക്ഷിക്കുന്നില്ല.

| ജീവനക്കാരൻ | തസ്തിക | മാസ ശമ്പളം | അവധി സറണ്ടർ |
|---|---|---|---|
| റ്റിന്റുമോൾ ജോസഫ് | അക്രഡിറ്റഡ് എഞ്ചിനീയർ | 31,460/- | 15,730/- |
| നിർമ്മല സി. | അക്കൗണ്ടന്റ് കം ഡേറ്റ എൻട്രി ഓപ്പറേറ്റർ | 24,040/- | 12,020/- |
| ബിനി മറിയം ബാബു | പ്രോജക്ട് അസിസ്റ്റന്റ് | 22,290/- | 11,145/- |
| ആകെ | | 77,790/- | 38,895/- |

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 21/03/2023 ലെ A2-931/19 നം. നടപടിക്രമം പ്രകാരം 8-3/2022-23/21-03-2023 നം. വൗച്ചർ മുഖേനയാണ് 38,895/- രൂപ ആർജ്ജിതാവധി സറണ്ടർ അനുവദിച്ചത്. ആർജ്ജിതാവധി അക്കൗണ്ട് സൂക്ഷിക്കാതെ സറണ്ടർ അനുവദിക്കുന്നതിനാൽ ജീവനക്കാർക്ക് എത്ര അവധി ക്രെഡിറ്റിലുണ്ട്, എത്ര അവധി എടുത്തു, എൻക്യാഷ് ചെയ്യപ്പെട്ടവ തുടങ്ങിയ വിവരങ്ങൾ ലഭ്യമല്ല. ഈ വിഷയം 27/06/2023 ലെ ഓഡിറ്റ് എക്സിറ്റ് മീറ്റിങ്ങിൽ അവതരിപ്പിച്ചപ്പോൾ ലീവ് അക്കൗണ്ട് വിവരങ്ങൾ ഇനിമുതൽ സൂക്ഷിക്കുന്നതാണ് എന്നാണ് ഭരണസമിതി അറിയിച്ചത്. കരാർ ജീവനക്കാരുടെ ആർജ്ജിതാവധി അക്കൗണ്ട് രേഖകൾ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 1-19 ആധികാരികമായ ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കാതെയും ഒറിജിനൽ രസീത് ഹാജരാക്കാതെയും ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലുള്ള ഡെപ്പോസിറ്റ് റീഫണ്ട് ചെയ്യുന്ന

ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്ന വിവിധ നിക്ഷേപ തുകകൾ ഒറിജിനൽ രസീത് പരിശോധിച്ച് ഉറപ്പാക്കാതെയും ആധികാരികമായ ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കാതെയും റീഫണ്ട് ചെയ്ത് നൽകുന്നതായി കാണുന്നു. 2022-23 വർഷം വാടക നിക്ഷേപം ഇനത്തിൽ 17,168/- രൂപയും (ബിൽ രജിസ്റ്റർ വൗച്ചർ നം.15-5/2022-23/24.05.2022) ഇ.എം.ഡി. തുക 2,500/- രൂപയും (ബിൽ രജിസ്റ്റർ വൗച്ചർ നം.9-8/2022-23/ 30.08.2022) ഇപ്രകാരം ഒറിജിനൽ രസീത് പരിശോധിച്ച് ഉറപ്പാക്കാതെ റീഫണ്ട് ചെയ്തതായി കാണുന്നു. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ റീഫണ്ട് വിശദാംശങ്ങൾ നിരീക്ഷിച്ച് സാക്ഷ്യപ്പെടുത്തുന്നുമില്ല. ഡെപ്പോസിറ്റ് ഇനത്തിൽ നിലവിലുണ്ടായിരുന്ന 19,668/- രൂപ മതിയായ രേഖകളുടെ അഭാവത്തിൽ ഒറിജിനൽ രസീത് പരിശോധിച്ച് റീഫണ്ട് അനുവദിക്കുന്നതാണ് ഉചിതം. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.14/2022-23/ 27-06-2023) നൽകിയതിന് മറുപടി ലഭിച്ചില്ല.

രസീത് ഹാജരാക്കാതെ ഡെപ്പോസിറ്റ് റീഫണ്ട് അനുവദിച്ച 19,668/- രൂപയുടെ തനത് ഫണ്ട് ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആധികാരികമായ ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മേൽവിവരിച്ച രണ്ട് റീഫണ്ട് ഇടപാടുകളുടെയും തുക ഒടുക്കിയ ഒറിജിനൽ രസീത് ലഭ്യമാക്കി ക്യാൻസൽ ചെയ്ത് വൗച്ചറിൽ ചേർത്ത ശേഷം ആയതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് പ്രഥമ മറുപടിയിൽ ഹാജരാക്കേണ്ടതാണ്. മേലിൽ ആധികാരികമായ ഡെപ്പോസിറ്റ് രജിസ്റ്ററിന്റെ അടിസ്ഥാനത്തിൽ മാത്രം ഡെപ്പോസിറ്റ് സ്വീകരിക്കൽ, റീ ഫണ്ട് ഇടപാടുകൾ എന്നിവ നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-20 സംയുക്ത കൃഷി വികസന പദ്ധതി- അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 62/22-23 |
| അടങ്കൽ | 1041668 (വികസന ഫണ്ട് (ജനറൽ) |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ |

കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

(1) പാടശേഖര സമിതിയ്ക്ക് ടില്ലർ വാങ്ങൽ

ചെലവ്-200000/- (ബിൽ നം.& തീയതി-1/22-23/24.12.22)

കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണോദ്യോഗസ്ഥനായി പാടശേഖരസമിതിയ്ക്ക് ടില്ലർ വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം താഴെ പറയുന്ന ഉപകരണങ്ങൾ മാലം-പറമ്പുകര മണർകാട് നെല്ലുല്പാദക കർഷക സൊസൈറ്റിയ്ക്ക് നൽകി.

| ക്രമ നം. | ഇനം | ഇൻവോയ്സ് നം& തീയതി | ആവശ്യപ്പെട്ട തുക | അനുവദിച്ച തുക | വാങ്ങിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | പവർ ടില്ലർ | 1132189dtd.13.12.22 | 187663 | 168896 | KAMCO |
| 2 | Accessories Of Power Tiller | 11232133 Dtd.14.12.22 | 34821 | 31104 | |
| | | | | 200000/- | |

കാംകോയിൽ നിന്നും ഉപകരണങ്ങൾ വാങ്ങിയതിന്റെ Invoice ഉം ഉപകരണം കൈമാറിയതിന്റെ ഫോട്ടോയും ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും പാടശേഖര സമിതി ഇത് കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രസീത്, പാടശേഖര സമിതിയുമായി എഗ്രിമെന്റ് വച്ചതിന്റെ രേഖകൾ എന്നിവ ഫയലിൽ ഇല്ല. യന്ത്രങ്ങളുടെ ഉടമസ്ഥത കൃഷി ഓഫീസർക്കും കൈവശാധികാരം സമിതിയ്ക്കും ആയതിനാൽ യന്ത്രങ്ങൾ ശരിയായ രീതിയിൽ സംരക്ഷിച്ചുകൊള്ളാമെന്നും യന്ത്രങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണിയും സംഘം തന്നെ നിർവ്വഹിക്കുന്നതാണെന്നുമുള്ള തരത്തിലുള്ള എഗ്രിമെന്റ് ചമയ്ക്കേണ്ടതായിരുന്നു. എന്നാൽ നിർവ്വഹണോദ്യോഗസ്ഥൻ ഈ കാര്യത്തിൽ വേണ്ട ശ്രദ്ധ നൽകിയിട്ടില്ല. ഇത്തരത്തിലുള്ള പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ യഥാവിധി എഗ്രിമെന്റ് ചമയ്ക്കുന്നതിലും കാർഷിക യന്ത്ര ഉപകരണങ്ങളുടെ സുരക്ഷിതമായ ഉപയോഗം ഉറപ്പാക്കുന്നതിലും ജാഗ്രത പുലർത്തേണ്ടതാണ്.

(2) കാർഷിക കർമ്മസേനയ്ക്ക് ഉപകരണങ്ങൾ കൈമാറൽ

ചെലവ്-53020 (ബിൽ നം. & തീയതി-5/22-23/24.12.22) (Pramod.V.A (Printing)-7370/- + RAIDCO KERALA LTD-25000/- + Deputy Director Of Agriculture, State Bio Control Lab Mannuthy-20650)

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി കാർഷിക കർമ്മസേനയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം RAIDCO KERALA LIMITED ൽ നിന്നും ഉപകരണങ്ങൾ വാങ്ങി നൽകിയതായി കാണുന്നു.

| ക്രമ നം. | ഇനം | ഇൻവോയ്സ് നം & തീയതി | തുക | അനുവദിച്ച തുക |
|---|---|---|---|---|
| 1 | ട്രീ പ്രൂണർ ഫ്രൂട്ട് പിക്കർ | KTM/1586 /2022-23DT.27.02.23 | 15000 | 25000/- |
| 2 | റെയ്ഡ്കോ ഡബിൾ വീൽ ബാരോ | | 6888 | |
| 3 | റെയ്ഡ്കോപാം ക്ലൈമ്പർ (3 റോഡ്) | | 6200 | |

രജിസ്റ്റർ ചെയ്ത് രണ്ട് വർഷമെങ്കിലും ആയ കാർഷിക സമിതികൾക്കായിരിക്കണം ഉപകരണങ്ങൾ നൽകേണ്ടത് എന്ന് മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്നുണ്ടെങ്കിലും അപ്രകാരമുള്ള സമിതിയ്ക്കാണോ ഉപകരണങ്ങൾ കൈമാറിയതെന്ന് വ്യക്തമല്ല. മേൽ സമിതിയ്ക്ക് ഈ ഉപകരണങ്ങൾ കൈമാറിയതിന്റെ രേഖകളോ കൈപ്പറ്റ് രസീതോ എഗ്രിമെന്റ് വച്ചതിന്റെ രേഖകളോ ഫയലിൽ ലഭ്യമല്ല. സമിതിയുടെ പ്രവർത്തനം മോണിട്ടറിംഗ് കമ്മറ്റിയും വികസനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയും മോണിട്ടർ ചെയ്തതിന്റെ രേഖകളും ഫയലിൽ ലഭ്യമല്ല. യന്ത്രങ്ങളുടെ ഉടമസ്ഥത കൃഷി ഓഫീസർക്കും കൈവശാധികാരം സമിതിയ്ക്കും ആയതിനാൽ യന്ത്രങ്ങൾ ശരിയായ രീതിയിൽ സംരക്ഷിച്ചുകൊള്ളാമെന്നും യന്ത്രങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണിയും സംഘം തന്നെ നിർവ്വഹിക്കുന്ന തരത്തിലുള്ള എഗ്രിമെന്റ് വയ്ക്കുന്നതിൽ ശ്രദ്ധ നൽകേണ്ടതാണ്. മേൽ പ്രോജക്ടിൽ ഉപകരണം വാങ്ങി നൽകിയ എല്ലാ കാർഷിക കർമ്മ സേനകളും കർഷക സൊസൈറ്റികളുമായി കരാർ വയ്ക്കേണ്ടതാണ്.

(3) കീടരോഗ നിയന്ത്രണോപാധികൾ - സ്റ്റോക്കിലെടുത്തിട്ടില്ല - വിതരണ വിവരം ലഭ്യമല്ല

പ്ലാന്റ് ഹെൽത്ത് ക്ലിനിക്കിന്റെ ഭാഗമായി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി 20650/- രൂപയുടെ കീടരോഗനിയന്ത്രണോപാധികൾ വാങ്ങിയിട്ടുണ്ടെങ്കിലും (ഇൻവോയ്സ് നം. SBCL38/22-23 തീയതി 23/02/2023) സ്റ്റോക്കിൽ എടുത്തതിന്റെ വിവരവും, ഗുണഭോക്താക്കൾക്ക് അവ വിതരണം ചെയ്തതിന്റെ രേഖകളും ഫയലിൽ ലഭ്യമല്ല. ആയതിനാൽ ടിയിനത്തിലുള്ള ചെലവ് 20,650/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽ രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 നിക്ഷേപപ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി 2022-23 വർഷം വിവിധ ഏജൻസികളിൽ തുക നിക്ഷേപിച്ചിട്ടുണ്ടെങ്കിലും വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. നിർവ്വഹണ ഏജൻസിയുമായി ബ്ലോക്ക് പഞ്ചായത്ത് കരാറിലേർപ്പെട്ടിട്ടുമില്ല. നിക്ഷേപ പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം, ഭൗതികനേട്ടം ആർജ്ജിക്കൽ തുടങ്ങിയവ നിരീക്ഷിക്കുന്നതിന് ബ്ലോക്ക് പഞ്ചായതത് തലത്തിൽ ഫലപ്രദമായ നിരീക്ഷണ സംവിധാനം പ്രവർത്തിക്കുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./ | വകയിരുത്തിയ തുക/ | ചെലവഴിച്ച തുക | ബിൽ നം./ |
|---|---|---|---|

| പ്രോജക്റ്റിന്റെ പേര് | ഫണ്ടിനം | തുക | നിക്ഷേപിച്ച സ്ഥാപനം | തീയതി |
|---|---|---|---|---|
| SO082/23, അകലക്കുന്നം, മണർകാട് ഗ്രാമപഞ്ചായത്തുകളിൽ സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | വികസനഫണ്ട് 680,000 | 466537<br>120390 | കെ.എസ്.ഇ.ബി<br>" | 29/22-23 Dt29.11.22<br>35/22-23 Dt16.12.22 |
| SO185/23,പാമ്പാടി, കൂരോപ്പട പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | ധനകാര്യകമ്മീഷൻ ഗ്രാന്റ് 573300 | 572752 | " | XVFC/2022-23 P-54dt 29.3.23 |
| SO187/23, മണർകാട് ഗ്രാമപഞ്ചായത്ത് വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | ധനകാര്യകമ്മീഷൻ ഗ്രാന്റ്-573300 വികസനഫണ്ട് 500,000 | 444282<br>128856 | "<br>" | XVFC/2022-23 P/56dt.29.3.23<br>XVFC/2022-23P/55dt 29.3.23 |
| SO188/23, കൂരോപ്പട പഞ്ചായത്ത് വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | ധനകാര്യകമ്മീഷൻ ഗ്രാന്റ്-573300 | 449904 | " | XVFC/2022-23/P/51 Dt28.3.23 |
| So162/23 മീനടം ഗ്രാമപഞ്ചായത്ത് സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | ധനകാര്യകമ്മീഷൻ ഗ്രാന്റ്-573300 | 573294 | " | XVFC/2022-23/P/59 Dt |
| SO177/23 ബ്ലോക്ക് പഞ്ചായത്ത് വിവിധ സ്ഥലങ്ങളിൽ കുഴൽ കിണർ നിർമ്മാണം | വികസനഫണ്ട് (പൊതുവിഭാഗം)105000<br>ധനകാര്യകമ്മീഷൻഗ്രാന്റ് 700000 | 105000<br>700000 | ഭൂജലവകുപ്പ് കോട്ടയം | 53/22-23dt28.3.23<br>44/22-23 Dt 28.2.23 |
| SO93/23 ബ്ലോക്ക് പഞ്ചായത്ത് ജലലഭ്യത കുറഞ്ഞ സ്ഥലങ്ങളിൽ കുഴൽകിണർ നിർമ്മാണം | ധനകാര്യകമ്മീഷൻഗ്രാന്റ് 488391 | 199796<br>154832 | "<br>" | 20/22-23dt 3.10.22<br>21/22-23 Dt3.10.22 |
| ആകെ | | 3915643 | | |

വിനിയോഗസാക്ഷ്യപത്രം, മൂല്യനിർണ്ണയ സാക്ഷ്യപത്രം, ഭൗതികനേട്ടം കൃത്യമായി വിലയിരുത്തിയിട്ടുള്ള മോണിറ്ററിങ്ങ് കമ്മറ്റി റിപ്പോർട്ട് മുതലായവ ലഭ്യമാകുന്നതുവരെ ചെലവഴിച്ച 3915643 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-22 ബ്ലോക്ക് വിഹിതം കൈമാറൽ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല

2022-23 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ പ്രകാരം വിവിധ

ഗ്രാമപഞ്ചായത്തുകൾക്ക് തുക കൈമാറിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകകളുടെ ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ,പേര് | ചെലവ് തുക,ഫണ്ടിനം | ബിൽ നമ്പർ തീയതി | സ്ഥാപനം |
|---|---|---|---|---|
| 1 | 74/23 ,ശ്രുവണമധുരം കേൾവി സഹായം പദ്ധതി | 200,000 വികസന ഫണ്ട്(ജനറൽ) | 291/27.3.23 | മണർകാട് ഗ്രാമപഞ്ചായത്ത് |
| 2 | 60/23, ലൈഫ് പി.എം.എ.വൈ(ജി)വിഹിതം നൽകൽ | 195500 വികസന ഫണ്ട്(ടി.എസ്.പി) | 89/30.11.22 | മണർകാട് ഗ്രാമപഞ്ചായത്ത് |
| 3 | 173/23, മീനടം ഗ്രാമപഞ്ചായത്ത് കാർഷികവിപണനകേന്ദ്രം വൈദ്യൂതീകരണം | 216143 വികസന ഫണ്ട് | 290/27.3.23 | മീനടം ഗ്രാമപഞ്ചായത്ത് |
| 4 | 83/23, പാമ്പാടി ഗ്രാമപഞ്ചായത്ത് കാട്ടംകുന്നേൽ ഇടയടിപ്പടി പാറമറ്റംറോഡ് കോൺക്രീറ്റിംഗ് | 376675 വികസനഫണ്ട് | 184/21.2.2023 | പാമ്പാടിഗ്രാമപ |
| 5 | 56/23,മണർകാട് പഞ്ചായത്ത് മാലം ഡിവിഷനിൽ മിനി ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ | 420000 വികസന ഫണ്ട് (ജനറൽ) | 313/30.3.23 | മണർകാട് ഗ്രാമപഞ്ചായത്ത് |
| 6 | 47/23,പാമ്പാടി കൂരോപ്പട ഗ്രാമപഞ്ചായത്തുകളിൽ മിനി ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ | 150500 വികസനഫണ്ട് (ജനറൽ) | 79/22.11.22 | കൂരോപ്പട ഗ്രാമപഞ്ചായത്ത് |
| 7 | 48/23,പാമ്പാടി കൂരോപ്പട ഗ്രാമപഞ്ചായത്തുകളിൽ മിനി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 300,000 വികസനഫണ്ട് (എസ്.സി.പി) | 78/22.11.22 | കൂരോപ്പട ഗ്രാമപഞ്ചായത്ത് |
| 8 | 174/23,മീനടം ഗ്രാമപഞ്ചായത്തിൽ സ്വയം തൊഴിൽ സബ്സിഡി നൽകൽ | 250000 വികസനഫണ്ട് (ജനറൽ) | 233/14.3.23(96000) 258/20.3.23(60000) 284/25.3.23(94000) | മീനടം ഗ്രാമപഞ്ചായത്ത് |
| 9 | 57/23,അരുവിക്കുഴി സറ്റേഡിയം റോഡ് പൂർത്തീകരണം പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന് തുക കൈമാറൽ | 300,000 വികസനഫണ്ട് (ജനറൽ) | 257/16.3.23 | പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത് |
| 10 | 168/23,പാമ്പാടി കൂരോപ്പട ഗ്രാമപഞ്ചായത്തുകളിൽ മിനി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 298000 വികസനഫണ്ട് (ജനറൽ) | 270/22.3.23 | പാമ്പാടി ഗ്രാമപഞ്ചായത്ത് |

| | | | | |
|---|---|---|---|---|
| 11 | 166/23,അതി ദാരിദ്ര നിർമ്മാർജ്ജന പദ്ധതി ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | 270000വികസനഫണ്ട് (ജനറൽ) | 183/20.2.23(25820)<br>193/23.2.23(3388)<br>217/2.3.23(35000)<br>222/8.3.23(8292)<br>253/17.3.23(50000)<br>257/20.3.23(37500)<br>275/23.3.23(50000)<br>302/28.3.23(60000) | |
| | ആകെ | 2976818 | | |

മേൽ തുകകളുടെ വിശദമായ വിനിയോഗ വിവരങ്ങൾ ലഭ്യമാകാത്ത സാഹചര്യത്തിൽ 2976818/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗവിവരങ്ങൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-23 പാമ്പാടി ബ്ലോക്ക് RRFലേയ്ക്ക് ഡസ്റ്റ് റിമൂവർ വാങ്ങിയത് നാളിതുവരെ പ്രവർത്തനക്ഷമമാക്കിയിട്ടില്ല

പ്രോജക്ട് നം.SO120/22
ധനകാര്യകമ്മീഷൻ ഗ്രാന്റ് -648040
ചെലവഴിച്ച തുക 314942രൂപ
ബിൽ നം.8/22-23 Dt30.6.22
ഇൻവോയിസ് നമ്പർ-104 Dt 30.3.22
നിർവ്വഹണോദ്യോഗസ്ഥൻ – ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

സ.ഉ.(സാധാ)നം.1641/2017/തസ്വഭവ തീയതി 19.5.2017 പ്രകാരം ബ്ലോക്ക്പഞ്ചായത്തിൽ പ്ലാസ്റ്റിക് ഷ്രെഡിംഗ്&ബെയിലിംഗ് യൂണിറ്റ് സ്ഥാപിക്കേണ്ടതാണ്. ഷ്രെഡ് ചെയ്ത പ്ലാസ്റ്റിക് ക്ലീൻകേരള കമ്പനി ലിമിറ്റഡ് വാങ്ങി റോഡ് ടാറിംഗിനുവേണ്ടി പൊതുമരാമത്ത് വകുപ്പ് തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം എന്നിവർക്ക് വിതരണം ചെയ്യേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിലേയ്ക്ക് ഹൊറിസോൺ എന്ന സ്ഥാപനത്തിൽ നിന്നും ഡസ്റ്റ് റിമൂവർ വാങ്ങി സ്ഥാപിച്ചിട്ടുണ്ടെങ്കിലും നിലവിൽ ബ്ലോക്ക് പഞ്ചായത്തിലെ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് പ്രവർത്തനക്ഷമമല്ലാത്തതിനാൽ ടി ഉപകരണവും ഉപയോഗമില്ലാതെ നിഷ്ക്രിയ ആസ്തിയായി നിലനിൽക്കുകയാണ്. പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് നിലവിൽ പ്രവർത്തനക്ഷമമല്ലാതെ തുടരവെ ഇതിന്റെ അനുബന്ധ ഉപകരണമായ ഡസ്റ്റ് റിമൂവർ വാങ്ങലിനായി 3,14,942/- രൂപ വിനിയോഗിച്ച നടപടി അനുചിതവും ഫിനാൻഷ്യൽ പ്രൊപ്രൈറ്റി തത്വത്തിന് വിരുദ്ധവുമാണ്. പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിന്റെ കറന്റ് ചാർജിനത്തിൽ പ്രതിമാസം 2200/- രൂപ ബ്ലോക്ക് പഞ്ചായത്തിന് ചെലവാകുന്നുണ്ട്. RRF-ന്റെ അടിസ്ഥാന സൗകര്യവികസനത്തിനായി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 117/23 നമ്പർ പ്രോജക്ട് പ്രകാരം 826994/- രൂപയും (സ്വച്ഛ് ഭാരത് മിഷൻ) തൻവർഷം ചെലവഴിച്ചിട്ടുണ്ട്. ക്ലീൻ കേരള കമ്പനി ഷ്രെഡ് ചെയ്ത പ്ലാസ്റ്റിക് നിലവിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും എടുക്കുന്നില്ലാത്തതിനാലാണ് ഷ്രെഡിംഗ് യൂണിറ്റിന്റെ പ്രവർത്തനം നിശ്ചലമായിരിക്കുന്നത്. ബ്ലോക്ക് പഞ്ചായത്തിൽ ശേഖരിച്ചിരിക്കുന്ന പ്ലാസ്റ്റിക് സ്ഥലത്തുനിന്നും മാറ്റുന്നതിന് ക്ലീൻ കേരള കമ്പനിയുമായി ഭരണതലത്തിൽ ചർച്ച നടത്തിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.9/26.06.2023) മറുപടി ഹാജരാക്കിയില്ല. പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിലേയ്ക്ക് വാങ്ങിയ ഡസ്റ്റ് റിമൂവർ ഉപയോഗിക്കാൻ വേണ്ട തുടർ നടപടി സ്വീകരിക്കേണ്ടതാണ്. 3,14,942/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-24 അങ്കണവാടി കെട്ടിടനിർമ്മാണത്തിനായി വിഹിതം കൈമാറിയിട്ടും നാളിതുവരെ നിർമ്മാണം ആരംഭിച്ചിട്ടില്ല

പ്രോജക്ട് നം.S0051/23
വികസനഫണ്ട് -500,000
നിർവ്വഹണോദ്യോഗസ്ഥൻ – സെക്രട്ടറി
ബിൽ നം.50/22-23 തീ 24.3.23

കിടങ്ങൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് 8ലെ ചെമ്പിളാവ് അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി വികസനഫണ്ട് വിഹിതമായി 5,00,000/- രൂപ ദേശീയഗ്രാമീണ തൊഴിലുറപ്പുപദ്ധതി മിഷൻ ഡയറക്ടറുടെ പേരിൽ ആരംഭിച്ചിട്ടുള്ള സ്പെഷ്യൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേയ്ക്ക് നിക്ഷേപിച്ചിട്ടുണ്ട്. പതിനെട്ടുലക്ഷം രൂപ എസ്റ്റിമേറ്റ് നിശ്ചയിച്ചിട്ടുള്ള അങ്കണവാടി കെട്ടിടനിർമ്മാണം നാളിതുവരെ ആരംഭിച്ചിട്ടില്ല. കെട്ടിടം നിർമ്മാണം പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ മുടങ്ങി കിടക്കുന്ന 500,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 പി.എം.എ.വൈ ഭവനപദ്ധതി -അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താവ് -ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല

പ്രോജക്ട് നം.S0180/23
വികസനഫണ്ട് -70,000/-
മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനവിഹിതം-2400,000/-
ജില്ലാപഞ്ചായത്ത് വിഹിതം -20,00,000/-
ആകെ അടങ്കൽ -44,70,000/-

പി.എം.എ.വൈ ഭവനപദ്ധതിയ്ക്കായി എലിക്കുളം ഗ്രാമപഞ്ചായത്തിലെ ചിന്നമ്മ പൈലി, പാറാംതോട്, മല്ലികശ്ശേരി എന്ന ഗുണഭോക്താവിന് 50,000/- രൂപ അഡ്വാൻസായി നൽകിയിട്ടുണ്ട് (ബിൽ നം. 48/22-23 തീ24.3.23). എന്നാൽ ടി ഗുണഭോക്താവ് നാളിതുവരെ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല. ടി ഗുണഭോക്താവ് ഭവനനിർമ്മാണം ആരംഭിക്കാൻ വേണ്ട നടപടികൾ ഭരണതലത്തിൽ ഉണ്ടാവേണ്ടതാണ്. അല്ലാത്തപക്ഷം അഡ്വാൻസായി നൽകിയ 50,000/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 1-26 അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് - വിവരങ്ങൾ കാലികമാക്കേണ്ടതാണ്

അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ് ബി ഐ പള്ളിക്കത്തോട് ശാഖയിലുള്ള 37688804416 നമ്പർ അക്കൗണ്ടിന്റെ പാസ്സ് ബുക്ക്/ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭിച്ചില്ല. പ്രസ്തുത അക്കൗണ്ടിന്റെ നീക്കിയിരിപ്പ് വിവരം ആകയാൽ ലഭ്യമായില്ല. പ്രസ്തുത അക്കൗണ്ടിൽ കൂടിയുള്ള തുകയുടെ വിനിമയ വിവരങ്ങൾ, 2022-23 വർഷത്തെ ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള പ്രസ്തുത അക്കൗണ്ട് എന്ത് ആവശ്യത്തിനുവേണ്ടിയാണ് നിലനിർത്തിയിട്ടുള്ളത് എന്ന വിവരവും ബ്ലോക്ക് പഞ്ചായത്തിലേയ്ക്കോ സർക്കാരിലേയ്ക്കോ ഒടുക്കുവാൻ അവശേഷിക്കുന്ന തുക പ്രസ്തുത അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ടോ എന്നുള്ള വിവരവും അറിയിക്കേണ്ടതാണ്.

## 1-27 ബാരൽ വില കണക്കാക്കി ബില്ലിൽ കുറവ് ചെയ്യിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം/ പ്രോജക്ട് | 33/23 , സത്യനാഥൻ - കാഞ്ഞിരമറ്റം റോഡ് ടാറിംഗ് |
| ചെലവ് | 9,60,513 (ജില്ലാ പഞ്ചായത്ത് വിഹിതം) |
| കരാറുകാരൻ | ജോസ് സിറിയക്ക് |

സർക്കുലർ നമ്പർ 59827/എഫ് എം/07 തസ്വഭവ തീ 30-10-2007 പ്രകാരം കരാറുകാരനിൽ നിന്നും

ഈടാക്കുന്ന ടാർ വീപ്പയുടെ വില ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടൽ ജി ഒ (പി)177/06 ഫിൻ തീയതി 12-4-2006 ഉത്തരവ് ഖണ്ഡിക 3-10 പാലിച്ച് തിരിച്ചടക്കണം. അസിസ്റ്റന്റ് എഞ്ചിനീയർ 2022-23 ൽ നിർവ്വഹണം നടത്തിയ മേൽ പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും കാലിബാരൽ വില കണക്കാക്കി കുറവ് ചെയ്തിട്ടില്ല. ടി തുക കണക്കാക്കി കരാറുകാരന് അധികം നൽകിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കി ബാരൽ വിലയും, ജി എസ് റ്റിയും ബന്ധപ്പെട്ട ശീർഷകങ്ങളിൽ തിരിച്ചടയ്ക്കേണ്ടതാണ്.

1-28 തൊഴിൽപരിശീലനകേന്ദ്രങ്ങൾ /വനിതാ വ്യവസായ കേന്ദ്രം നിർമ്മാണം- തുടർനടപടികൾ അനിവാര്യം

2022-23 വർഷം തൊഴിൽപരിശീലനകേന്ദ്രം, വനിതാ വ്യവസായ കേന്ദ്രം എന്നിവയുടെ നിർമ്മാണപ്രവൃത്തികൾക്കായി ചുവടെ ചേർക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്,

| ക്രമ നം | പ്രോജക്ട് നം / പ്രോജക്ട് | 2022-23 വർഷം ചെലവഴിച്ച തുക | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | 101/23, പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിൽ എസ് സി തൊഴിൽപരിശീലനകേന്ദ്രവും ഇൻഫർമേഷൻ സെന്ററും | 1302117, വികസനഫണ്ട് (എസ് സി പി) | പ്രവൃത്തി പൂർത്തീകരണത്തിനായി 2023-24 വർഷം തുടർ പ്രോജക്ട് ആവിഷ്കരിച്ചിട്ടുണ്ട് |
| 2 | 124/23, കിടങ്ങൂർ വനിതാ വ്യവസായകേന്ദ്രം നിർമ്മാണ പൂർത്തീകരണം | 413143 , വികസനഫണ്ട് (പൊതു) | നിർമ്മാണം പൂർത്തീകരിച്ചു |
| 3 | 123/23, കാരകുളം വനിതാ വ്യവസായകേന്ദ്രം നിർമ്മാണ പൂർത്തീകരണം | 205810, വികസനഫണ്ട് (പൊതു) | ടോയ് ലറ്റ് നിർമ്മാണം പൂർത്തീകരിക്കേണ്ടതുണ്ട്. |
| 4 | 102/23, കുരോപ്പട പഞ്ചായത്ത് വാർഡ് 3 എസ് സി വനിതാ തൊഴിൽ പരിശീലനകേന്ദ്രം പൂർത്തീകരിക്കൽ | 577404 , വികസനഫണ്ട് (എസ് സി പി) | നിർമ്മാണം പൂർത്തീകരിച്ചു. വൈദ്യുതി, വെള്ളം കണക്ഷനുകൾ നൽകേണ്ടതാണ് |
| 5 | 29/23 , മുഴയനാൽ തൊഴിൽ പരിശീലനകേന്ദ്രം പൂർത്തീകരണം | 140459 , വികസനഫണ്ട് (എസ് സി പി) | നിർമ്മാണം പൂർത്തീകരിച്ചു. വൈദ്യുതി, വെള്ളം കണക്ഷനുകൾ നൽകേണ്ടതാണ് |

സ.ഉ (കൈ)നം. 84/2022/തസ്വഭവ/19/042022 പതിന്നാലാം പദ്ധതി മാർഗ്ഗരേഖയിൽ നിർമ്മാണ പ്രവൃത്തികൾ നിഷ്ക്രിയാസ്തിയായി അവശേഷിക്കാതെ ശ്രദ്ധിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് വൈദ്യുതി, വെള്ളം കണക്ഷനുകൾ നൽകി പരിശീലന പരിപാടികൾ/ തൊഴിൽ സംരംഭങ്ങൾ ആരംഭിച്ച് പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-29 വിവിധ കുടിവെള്ള /ജലസേചന പദ്ധതികൾ - കമ്മീഷൻ ചെയ്യതിന്റെ വിവരം ലഭ്യമല്ല

2022-23 വർഷം ചുവടെ ചേർക്കുന്ന വിവിധ കുടിവെള്ള/ജലസേചന പദ്ധതികൾ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയിട്ടുണ്ട്. ആയവയുടെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ കൂടി പൂർത്തീകരിച്ച് പദ്ധതി ഗ്രാമപഞ്ചായത്തിന് കൈമാറാൻ നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമ നം | പ്രോജക്റ്റ് നം / പ്രോജക്റ്റ് | തുക (രൂപ) | ഫണ്ടിനം |
|---|---|---|---|
| 1 | 100/23, വാഴെപ്പറമ്പ് കന്നുകുഴി കുടിവെള്ള പദ്ധതി പൂർത്തീകരണം | 250765 | വികസനഫണ്ട് (പൊതുവിഭാഗം) |
| 2 | 127/23, അതിരമുണ്ട ജലസേചനപദ്ധതി - അകലക്കുന്നം ഗ്രാമപഞ്ചായത്ത് - തെക്കുംതല വാർഡ് | 315767 | വികസനഫണ്ട് (പൊതുവിഭാഗം) |
| 3 | 10/23,പറയത്തോട്ടം കുടിവെള്ള പദ്ധതി പൂർത്തീകരണം പാമ്പാടി ഗ്രാമപഞ്ചായത്ത് | 296381 | ധനകാര്യ കമ്മീഷൻ അവാർഡ് |
| 4 | 42/23 , പറമ്പുകര ലക്ഷം വീട് കോളനി കുടിവെള്ള പദ്ധതി- മണർകാട് ഗ്രാമപഞ്ചായത്ത് വാർഡ് 2 | 455541 | ധനകാര്യ കമ്മീഷൻ അവാർഡ് |
| 5 | 32/23, കീഴ്ച്ചിറക്കുന്ന് കുടിവെള്ള പദ്ധതി - അകലക്കുന്നം ഗ്രാമപഞ്ചായത്ത് വാർഡ് 2 | 500226 | ധനകാര്യ കമ്മീഷൻ അവാർഡ് |
| 6 | 39/23, വെള്ളൂർ ഡിവിഷൻ പാമ്പാടി ഗ്രാമപഞ്ചായത്ത് വാർഡ് 18 പറയത്തോട്ടം കുടിവെള്ള പദ്ധതി | 525544 | ധനകാര്യ കമ്മീഷൻ അവാർഡ് |
| 7 | 35/23, പള്ളിക്കുന്ന് കുടിവെള്ള പദ്ധതി - | 376929 | ധനകാര്യ കമ്മീഷൻ അവാർഡ് |
| 8 | 159/23, പാമ്പാടി ഗ്രാമപഞ്ചായത്ത് വാർഡ് -19 മാങ്കുഴി കുടിവെള്ള പദ്ധതി പുനരുദ്ധാരണം | 381822 | ധനകാര്യ കമ്മീഷൻ അവാർഡ് |
| 9 | 156/23, പാമ്പാടി ഗ്രാമപഞ്ചായത്ത് വാർഡ് -16 വരിക്കാനി കുടിവെള്ള പദ്ധതി നവീകരണം | 444632 | ധനകാര്യ കമ്മീഷൻ അവാർഡ് |
| 10 | 24/23, കന്നുകുഴി കുടിവെള്ള പദ്ധതി -കുടിവെള്ളക്കിണർ കുഴിക്കൽ | 71823 | ധനകാര്യ കമ്മീഷൻ അവാർഡ് |
| 11 | 11/23 , വാഴെപ്പറമ്പ് കുടിവെള്ളപദ്ധതി പൂർത്തീകരണം - പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത് | 235789 | ധനകാര്യ കമ്മീഷൻ അവാർഡ് |

മേൽ പ്രവൃത്തികൾ കമ്മീഷൻ ചെയ്തതിന്റെയും ഭൗതികലക്ഷ്യം ആർജ്ജിച്ചതിന്റെയും വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-30 പാൽ ശീതീകരണി കം വെൻഡിംഗ് മെഷീൻ-മാതൃകാപരമായി പ്രവർത്തിക്കുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 96/23 |
| അടങ്കൽ | 700000(വികസന ഫണ്ട്) |
| ചെലവ് | 656293 |

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പാൽ ശീതീകരണി കം വെൻഡിംഗ് മെഷീൻ സ്ഥാപിക്കൽ എന്ന പ്രോജക്ട് ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ തെരഞ്ഞെടുക്കപ്പെട്ട 3 ക്ഷീരസംഘങ്ങളായ കുമ്മണ്ണൂർ ക്ഷീരോല്പാദക സഹകരണ സംഘം (കിടങ്ങൂർ), വടവാതൂർ ക്ഷീര സഹകരണ സംഘം, പാമ്പാടി ക്ഷീര വ്യവസായ സഹകരണ സംഘം എന്നിവ മുഖാന്തിരം മെച്ചപ്പെട്ട രീതിയിൽ നിർവ്വഹിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു. മേൽ ക്ഷീര സഹകരണ സംഘങ്ങൾ മുഖേന 200 Ltr സംഭരണ ശേഷിയുള്ള മിൽക്ക് വെൻഡിംഗ് മെഷീൻ വിത്ത് സ്മാർട്ട് കാർഡ് എന്ന ഉപകരണം ക്വട്ടേഷൻ വിളിച്ച് PURLO MANUFACTURE EXPORTER എന്ന കമ്പനിയിൽ നിന്നും വാങ്ങിയിട്ടുണ്ട്. സ.ഉ.(കൈ)നം.115/2022/തസ്വഭവ തീയതി 28.05.2022 ഖണ്ഡിക 6.10(എ) ക്രമ നം. 2 പ്രകാരം പാൽ ശീതീകരണികൾ വാങ്ങുന്നതിന് വിലയുടെ 50% പരമാവധി 4,00,000/- രൂപ അനുവദിക്കാവുന്നതാണ്. തുകയുടെ 50% സഹകരണ സംഘങ്ങൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി നൽകിയിട്ടുണ്ട്. ക്ഷീരകർഷകർക്ക് വളരെയധികം ഉപകാരപ്രദമായ ഈ സംരംഭം വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്നതായി ഓഡിറ്റ് നടത്തിയ പരിശോധനയിൽ വ്യക്തമായിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വാർഷിക ധനകാര്യപത്രിക ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി 12/06/2023-ലെ 4(1) നം. തീരുമാന പ്രകാരം അംഗീകരിച്ച് എയിംസ് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായും സെക്രട്ടറിയുടെ 20/06/2023 ലെ എച്ച്.എ-712/23 നം. കത്ത് പ്രകാരം മാന്വലായും ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 22/06/2023-ൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2023-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം യഥാക്രമം അനുബന്ധം-3,4,5 ആയി ചേർത്തിരിക്കുന്നു.

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2022-23 വർഷം സംയുക്ത പ്രോജക്ടിനായി കോട്ടയം ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭിച്ച വിഹിതവും സംയുക്ത പ്രോജക്ട് ഫണ്ടിന്റെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് (പ്രോജക്ട് നം.) | ചെലവ് | ബാക്കി |
|---|---|---|---|---|---|
| കോട്ടയം ജില്ല പഞ്ചായത്ത് | 28/09/2022 | 2,000,000/- | കറവപ്പശുക്കൾക്ക് കാലിത്തീറ്റ (84/23) | 2,000,000/- | 0 |
| | 22/02/2023 15/03/2023 21/03/2023 | 960,513/- | സത്യനാഥൻ-കാഞ്ഞിരമറ്റം റോഡ് ടാറിങ്ങ് അകലക്കുന്നം ഗ്രാമ പഞ്ചായത്ത്(33/23) | 960,513/- | 0 |
| | ആകെ | 2,960,513/- | ജില്ല പഞ്ചായത്ത് വിഹിതം | 2,960,513/- | 0 |

ജില്ല പഞ്ചായത്ത് വിഹിതം പ്രോജക്ട് മാപ്പിങ്ങിലൂടെ ചെലവ് നടന്ന സമയത്താണ് ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചത്.

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2022-23 വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് KSEB യിൽ 2,756,015/- രൂപയും ഭൂജല വകുപ്പിൽ 1,159,628/- രൂപയും മുൻകൂർ നൽകിയിട്ടുണ്ട്. തുകയുടെ വിശദാംശങ്ങളും വിനിയോഗ വിവരവും താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.) | മുൻകൂർ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി |
|---|---|---|---|---|
| KSEB | അകലക്കുന്നം & മണർകാട് ഗ്രാമപഞ്ചായത്ത് സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ (82/23) | 586,927/- | ഇല്ല | 586,927/- |
| | മീനടം ഗ്രാമപഞ്ചായത്ത് സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ W-1,2,5,6,7,8,10,12,13(162/23) | 573,294/- | ഇല്ല | 573,294/- |
| | പൗർണമി കുരോപ്പട പഞ്ചായത്ത് വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ (188/23) | 449,904/- | ഇല്ല | 449,904/- |
| | പൗർണമി മണർകാട് ഗ്രാമ പഞ്ചായത്ത് വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ (187/23) | 573,138/- | ഇല്ല | 573,138/- |
| | പൗർണമി പാമ്പാടി കുരോപ്പട പഞ്ചായത്ത് വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ (185/23) | 572,752/- | ഇല്ല | 572,752/- |
| | ആകെ കെ.എസ്.ഇ.ബി. യിൽ | 2,756,015/- | ഇല്ല | 2,756,015/- |

| | | | | |
|---|---|---|---|---|
| ഭൂജല വകുപ്പ് (GWD) | ബ്ലോക്ക് പഞ്ചായത്ത് ജല ലഭ്യത കുറഞ്ഞ സ്ഥലങ്ങളിൽ കുഴൽ കിണർ നിർമ്മാണം (93/23) | 354,628/- | ഇല്ല | 354,628/- |
| | ബ്ലോക്ക് പഞ്ചായത്ത് വിവിധ സ്ഥലങ്ങളിൽ കുഴൽ കിണർ നിർമ്മാണം (177/23) | 805,000/- | ഇല്ല | 805,000/- |
| | ആകെ ഭൂജല വകുപ്പിൽ | 1,159,628/- | ഇല്ല | 1,159,628/- |

പ്രോജക്ട് നം.82/23 പ്രകാരം KSEB-യിൽ നിക്ഷേപിച്ച 586,927/- രൂപ നിക്ഷേപ പ്രവൃത്തികൾക്കുള്ള മുൻകൂറായി 460500202 ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. അക്കൗണ്ടിങ് അപാകത നിലനിൽക്കുന്നതിനാൽ 31/03/2023 ലെ ബാലൻസ് ഷീറ്റിൽ നിക്ഷേപ ശീർഷകത്തിൽ ടി പ്രോജക്ട് തുക പ്രതിഫലിക്കുന്നില്ല. ഡെപ്പോസിറ്റ് ശീർഷകത്തിലെ അക്കൗണ്ടിങ് അപാകത പരിഹരിക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

2022-23 ധനകാര്യ പത്രിക പ്രകാരം തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ ഒന്നും നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

2022-23 വർഷത്തെ ധനകാര്യ പത്രിക, 31/03/2023 ലെ ബാലൻസ് ഷീറ്റ് എന്നിവ പ്രകാരം വായ്പയിനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ബാധ്യതയില്ല.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

2022-23 വർഷത്തെ ധനകാര്യ പത്രിക പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് സ്ഥിരനിക്ഷേപമില്ല.

## 4-7 ഓഡിറ്റ് റിക്കവറി

2022-23 വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല. ഓരോ സാമ്പത്തിക വർഷവും ഓഡിറ്റ് റിക്കവറിയായി ലഭിക്കുന്ന തുകകളുടെ വിവരങ്ങൾ ക്രോഡീകരിച്ച് ഓഡിറ്റ് റിക്കവറി രജിസ്റ്റർ ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ് വർഷം, ഖണ്ഡിക, തുക ഒടുക്കിയ ഉദ്യോഗസ്ഥൻ/വ്യക്തി, ഉദ്യോഗപ്പേര്, വിലാസം, വരവ് ഇനം, രസീത് നം., തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതാണ്. ഓരോ സാമ്പത്തിക വർഷത്തെയും കണക്കുകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ

പാമ്പാടി ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 17,18,19,20, 28,29,34 | 2003-04 | | വ്യവസായ വികസന ഓഫീസർ നടപ്പാക്കിയ | വിഷയം നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

| | | | | | |
|---|---|---|---|---|---|
| | | | | പദ്ധതി-അപാകതകൾ (ആകെ ചെലവ്-1,08,709 രൂപ) | |
| 2009-10 | 3-4 | 2011-12 | - | നിക്ഷേപ പ്രവൃത്തികൾ നടപടിക്രമങ്ങൾ പാലിക്കുന്നില്ല. – കെ എസ് ഇ ബി – 565742 രൂപ) | വിഷയം നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| തെരഞ്ഞെടുത്ത വിഷയങ്ങളിലെ പരിശോധനാ റിപ്പോർട്ട് | | 2017-18 | 2017-18 2-5-4 (ബി) | ഒരേ റോഡിൽ ഗ്രാമപഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും നിർമ്മാണ പ്രവൃത്തികൾ നിർവ്വഹിച്ചു (പുളിമൂട് – നടേപടിക റോഡ്) | വിഷയം നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2018-19 | 3-1 | 2019-20 | ഭാഗം 3.1 | വായ്പ തുക പിൻവലിച്ച് തനത് ഫണ്ടിൽ സൂക്ഷിച്ചു-പലിശയിനത്തിൽ വൻതുക ബാദ്ധ്യത | വിഷയം നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ പ്രകാരം തുകയൊന്നും 2022-23 ൽ ഈടാക്കിയിട്ടില്ല. നിലവിൽ സർച്ചാർജ് നടപടികൾ നിലനിൽക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) (റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | : | 75,767,363/- |
| ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം) | | 58,326,055/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | : | 68,172,035/- |
| ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം) | | 56,626,846/- |
| വരവിനങ്ങളിലുള്ള വ്യക്തമായ നഷ്ടം | : | ഇല്ല |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 77,47,721/- |

(ബി) ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക-നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 17,168/- | എം.എസ്. വിജയൻ, സെക്രട്ടറി |
| | 2,500/- | ജോർജ് തോമസ്, സെക്രട്ടറി |
| 1-20 (3) | 20,650/- | ലെൻസി തോമസ്, അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) |
| 1-21 | 9,41,505/- | ജോർജ് തോമസ്, സെക്രട്ടറി |
| | 29,74,138/- | ഡോസി സഖറിയാസ്, സെക്രട്ടറി ഇൻ ചാർജ് |
| 1-22 | 6,46,000/- | ജോർജ് തോമസ്, സെക്രട്ടറി |
| | 23,30,818/- | ഡോസി സഖറിയാസ്, സെക്രട്ടറി ഇൻ ചാർജ് |
| 1-23 | 3,14,942 | ഡോസി സഖറിയാസ്, സെക്രട്ടറി ഇൻ ചാർജ് |
| 1-24 | 5,00,000/- | ഡോസി സഖറിയാസ്, സെക്രട്ടറി ഇൻ ചാർജ് |
| ആകെ | 77,47,721/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

വ്യക്തമായ നഷ്ടം പ്രതിപാദിച്ചിട്ടില്ല.

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 30/06/2023 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01& | കെ.എസ്.എ-കെ.ടി.എം.പി15/അദാ18/815(1) | 21 |

| | | |
|---|---|---|
| 2001-02 | /2018/08.05.2018 | |
| 2002-03 | കെ.എസ്.എ-കെ.ടി.എം. പി15/അദാ18/815(2) /2018/08.05.2018 | 6 |
| 2003-04 | കെ.എസ്.എ-കെ.ടി.എം. പി15/അദാ18/815(3) /2018/08.05.2018 | 10 |
| 2004-05 | കെ.എസ്.എ-കെ.ടി.എം. പി15/അദാ18/815(4) /2018/08.05.2018 | 1 |
| 2005-06 | കെ.എസ്.എ-കെ.ടി.എം. പി15/അദാ18/815(5) /2018/08.05.2018 | 9 |
| 2006-07 | കെ.എസ്.എ-കെ.ടി.എം. പി15/അദാ18/815(6) /2018/08.05.2018 | 6 |
| 2007-08 | കെ.എസ്.എ-കെ.ടി.എം. പി15/അദാ18/815(7) /2018/08.05.2018 | 2 |
| 2008-09 | കെ.എസ്.എ-കെ.ടി.എം. പി15/അദാ18/815(8) /2018/08.05.2018 | 1 |
| 2009-10 | കെ.എസ്.എ-കെ.ടി.എം. പി15/അദാ18/815(9) /2018/08.05.2018 | 3 |
| 2010-11 | കെ.എസ്.എ-കെ.ടി.എം. പി15/അദാ18/815(10) /2018/08.05.2018 | 10 |
| 2011-12 | കെ.എസ്.എ-കെ.ടി.എം. പി15/അദാ18/815(11) /2018/08.05.2018 | 13 |
| 2012-13 | കെ.എസ്.എ-കെ.ടി.എം. പി15/അദാ18/815(12) /2018/10.05.2018 | 11 |
| 2013-14 | കെ.എസ്.എ-കെ.ടി.എം. പി15/അദാ18/815(13) /2018/10.05.2018 | 7 |
| 2014-15 | കെ.എസ്.എ-കെ.ടി.എം. പി15/അദാ18/815(14) /2018/10.05.2018 | 7 |
| 2015-16 | കെ.എസ്.എ-കെ.ടി.എം. പി15/അദാ18/815(15) /2018/11.05.2018 | 8 |
| 2016-17 | കെ.എസ്.എ-കെ.ടി.എം. പി15/994/2020/ 11.11.2020 | 10 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി15/727/2020/27.10.2020 | 9 |
| 2018-19 | കെ.എസ്.എ-കെ.ടി.എം. പി15/1229/2019/11.03.2020 /03.05.2020 | 30 |
| 2019-20 | കെ.എസ്.എ-കെ.ടി.എം. പി15/412/22/ 22.08.2022/12.09.2022 | 15 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി15/413/22/23.07.2022 | 28 |
| 2021-22 | കെ.എസ്.എ-കെ.ടി.എം.പി15/2592/2022/ 19.06.2023 | 22 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ

സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 4(1) dated 12-06-2023 and submitted on 14-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Pampady Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Pampady Block Panchayat for the year 2022-2023

Date: 25/08/2023

Senior Deputy Director
District Office Kottayam
Kerala State Audit Department

## Audit Report appended to the Audit Certificate of Pampady Block Panchayat for the Year 2022-2023.

### 1.Major Observations

1. Non-Disclosure of Assets - Assets not classified and valuated.
2. Non-Disclosure of Capital Contribution - Capital Contribution Register and details not kept.
3. General Fund Details not maintained. Source data not available in support of Total General fund as on 31/03/2023.

### 2.Other Observations

1. Assets generated during the financial year are not seen properly accounted in asset account heads concerned .

2. Accumulated depreciation of assets (vehicles) exceeded asset value.

3. Government and Other dues register not maintained in support of the concerned schedule.

4. Deposits received Register not maintained.

5. Appropriation Control Register (ACR) of Special Purpose Grants and Contributions not maintained.

6. Individual details of buliding rent not properly recorded in Register and not closed before the finalisation of DCB Statement .

7. Rent deposit details in Rent Register does not match with Rent deposit value shown in Balance Sheet as on 31/03/2023.

8. Capital Work in Progress Details and Register are not kept -ÂÂ Details not disclosed.

9. Amount deposited in KSEB as per annual plan project of Rs.5,86,927/- has not been accounted in Advance Account Head, resulting in non disclosure of actual advance position in Balance Sheet.

10. Special Purpose Grant received from Suchitwa Mission to the tune of Rs.8,26,994/- and utilized in the year not seen accounted in Receipt and Payment Statement.

11. Expenditure for medicine purchase wrongly accounted as maintenance expenditure.

12. One of the three bank account started for Health Grant not included in Financial Statement, eventhough account remains as zero balance and without transactions upto 31/03/2023.

13. Prior Period items are not explained and disclosed by the Secretary through Specific Notes on Accounts.

**SeniorDeputy Director**
**Kerala State Audit Department**
**District Audit Office, Kottayam**

**Kottayam**
**25.08.2023**

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്